**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി II
# (SUBJECT COMMITTEE II)

## ഭൂനികുതിയും ദേവസ്വവും

**(LAND REVENUE AND DEVASWOM)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 2012 APRIL 1ST TO 2013 MARCH 31ST)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ........-ാം തീയതി സമർപ്പിച്ചത്

(Presented on .........June 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി II

# (SUBJECT COMMITTEE II)

ഭൂനികുതിയും ദേവസ്വവും

(LAND REVENUE AND DEVASWOM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 2012 APRIL 1ST TO 2013 MARCH 31ST)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

741/2013.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 13 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

(2011-2013)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൾ റസാക്

„ ബാബു എം. പാലിശ്ശേരി

„ സി. കെ. നാണു

„ എ. പ്രദീപ്കുമാർ

„ പാലോട് രവി

„ സി. കെ. സദാശിവൻ

„ വി. പി. സജീന്ദ്രൻ

„ എൻ. ഷംസുദ്ദീൻ

„ വി. എസ്. സുനിൽ കുമാർ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി

„ എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II (2011-2013)-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. 2012 ഏപ്രിൽ 12, 17, മേയ് 2 എന്നീ തീയതികളിലെ യോഗങ്ങൾ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 2012 ജൂലൈ 11-ാം തീയതിയിലെ സമിതി യോഗം വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം, സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനും, 2012 ജൂലൈ 12-ാം തീയതി സബ്ജക്റ്റ് കമ്മിറ്റി V, സബ്ജക്റ്റ് കമ്മിറ്റി VII എന്നിവയുമായി ചേർന്ന് ധനകാര്യ ബിൽ പരിഗണിക്കുന്നതിനും 2012 നവംബർ മാസം 7-ാം തീയതി ചേർന്ന സമിതി യോഗം കരട് ചട്ടങ്ങൾ, 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, 2010-11-ലെ മലബാർ ദേവസ്വം ബോർഡിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനും 2012 ഡിസംബർ 13-ാം തീയതി 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനും, 2013 ഫെബ്രുവരി 14-ാം തീയതി 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനും വേണ്ടിയാണ് ചേർന്നത്. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 73% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ, സമിതി പരിഗണിച്ച ബിൽ, കരട് ചട്ടങ്ങൾ, എസ്. ആർ. ഒ.കളുടെ സാധൂകരണം എന്നിവ സംബന്ധിച്ച വിവരങ്ങളും മൂന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മുൻ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും നാലാം ഭാഗത്തിൽ സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2013 മേയ് 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**അടൂർ പ്രകാശ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2013 മേയ് 15.

# റിപ്പോർട്ട്

## ഭാഗം I

1. 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 11-6-2012-ന് സഭയിൽ സമർപ്പിച്ചു.
2. 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 28-6-2012-ന് സഭയിൽ സമർപ്പിച്ചു.
3. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 19-7-2012-ന് സഭയിൽ സമർപ്പിച്ചു.
4. 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 17-12-2012-ന് സഭയിൽ സമർപ്പിച്ചു.
5. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 15-2-2013-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം II

(എ) ബില്ലുകളുടെ പരിഗണന

(1) സമിതി 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ 2012 ഡിസംബർ 13-ാം തീയതി പരിഗണനയ്ക്കായി എടുക്കുകയും പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 2012 ഡിസംബർ 17-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) സമിതി 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ 2013 ഫെബ്രുവരി 14-ാം തീയതി പരിഗണനയ്ക്കെടുക്കുകയും അത് സംബന്ധിച്ച റിപ്പോർട്ട് 2013 ഫെബ്രുവരി 15-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) ചട്ടങ്ങളുടെ പരിശോധന

2012 നവംബർ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിശോധനയ്ക്കെടുക്കുകയും അതോടൊപ്പം ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

(1) 1970-ലെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങളിലെ ചട്ടം 29(1)-ന്റെ കരട് ഭേദഗതി ചട്ടങ്ങൾ

പ്രസ്തുത കരട് ഭേദഗതി ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

(2) 1958-ലെ ലാന്റ് കൺസർവൻസി ചട്ടങ്ങൾക്കുള്ള കരട് ഭേദഗതി ചട്ടങ്ങൾ

പ്രസ്തുത കരട് ഭേദഗതി ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

(3) 1963-ലെ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസിനുള്ള കരട് ഭേദഗതി ചട്ടങ്ങൾ

ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടന്ന അവസാന നിയമനത്തിന് ശേഷമുള്ള നിയമനങ്ങൾക്ക് പ്രസ്തുത ഭേദഗതി ചട്ടങ്ങൾ ബാധകമാക്കണമെന്ന ഭേദഗതിയോടെ സമിതി പ്രസ്തുത കരട് ഭേദഗതി ചട്ടങ്ങൾ അംഗീകരിച്ചു.

(4) 1970-ലെ കേരള ഭൂപരിഷ്ക്കരണ (സീലിംഗ്) ചട്ടങ്ങളിലെ ചട്ടം 31(9)-ന്റെ കരട് (ഭേദഗതി) ചട്ടങ്ങൾ

പ്രസ്തുത കരട് (ഭേദഗതി) ചട്ടങ്ങൾ താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിച്ചു:

(i) ഫാറം നമ്പർ 20-ലെ "The lands assigned under Section 96 of the Kerala Land Reforms Act, 1963 (1 of 1964) shall, subject to the provisions of sub-rules (2) to (5) of rule 29 of the Kerala Land Reforms (Ceiling) Rules, 1970, be heritable but not alienable otherwise" എന്നതിന് പകരം "The land assigned under Section 96 of the Kerala Land Reforms Act, 1963 (1 of 1964) shall not, subject to the provisions of sub-rules (2) to (5) of rule 29 of the Kerala Land Reforms (Ceiling) Rules, 1970 be alienable for a period of 20 years from the date of assignment or for the period during which the change created under sub-section (3) of section 97 of the Act subsists, whichever is later" എന്ന് ചേർക്കേണ്ടതാണ്.

(ii) ഫാറം നമ്പർ 20-ന്റെ അവസാന ഭാഗത്ത് Pattadar എന്ന വാക്കിന്റെ വിശദീകരണമായി "Joint photograph of husband and wife in the case of married person" എന്ന് ചേർക്കേണ്ടതാണ്.

(സി) <u>എസ്. ആർ. ഒ.-യുടെ സാധൂകരണം</u>

2012 ജൂലൈ 11-ാം തീയതി ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ പരിഗണനയ്ക്കെടുക്കുകയും സാധൂകരണം നടത്തുകയും ചെയ്തു:

(1) 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും നിർത്തലാക്കൽ (എസ്.ആർ.ഒ. നമ്പർ 18/2012)

(2) ഭൂമി പതിവിനുള്ള അപേക്ഷാഫോറം ഭേദഗതി (എസ്.ആർ.ഒ. നമ്പർ 53/2012).

**ഭാഗം III**

2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് 19-7-2012-ൽ സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണനയ്ക്കെടുത്തു:

## 2011-2012-ലെ ഒന്നാമത് റിപ്പോർട്ട്

ശുപാർശ

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തികവർഷവും തുക അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 20,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ 31 വാഹനങ്ങൾ ഉള്ളതിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ചെന്നവയാണ്. ടോട്ടൽ സ്റ്റേഷൻ സർവ്വെ നടക്കുന്ന മലമ്പ്രദേശങ്ങളിലും നിരപ്പു കുറഞ്ഞ പാതയിലും ദീർഘദൂരം സഞ്ചരിക്കുന്നതിനാൽ വാഹനങ്ങൾ പെട്ടെന്ന് റിപ്പയർ ആകുന്നു. ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും തുക വകയിരുത്തണമെന്ന് അപേക്ഷിച്ചെങ്കിലും അനുവദിച്ചിട്ടില്ല. ആയതിനാൽ ഉപധനാഭ്യർത്ഥനവഴി തുക അനുവദിക്കുന്നതിന് ഈ സാമ്പത്തിക വർഷം ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

ശുപാർശ

സർവ്വേ വകുപ്പിലെ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനായി ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 64,98,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. സർവ്വേയും ഭൂരേഖയും വകുപ്പിൽ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും പുതുക്കിയ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2029-00-102-95-02 വേതനം എന്ന ശീർഷകത്തിൽ 125.26 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

ആധുനിക സർവ്വെ ഉപകരണങ്ങളിൽ പരിശീലനം നേടുന്നതിന് ഹൈദരാബാദിൽ ട്രെയിനിംഗിന് പോകുന്ന സർവ്വെ ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ പ്രത്യേക ഫണ്ട് ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

നടപ്പ് സാമ്പത്തിക വർഷം 2029-00-102-99-04(1) യാത്രാബത്ത എന്ന ശീർഷകത്തിൽ 2,52,000 രൂപ അനുവദിച്ചിട്ടുണ്ട്. അത് പര്യാപ്തമാണ്. കഴിഞ്ഞവർഷം 2,25,000 രൂപ അനവദിച്ചിരുന്നു.

ശുപാർശ

2011-12 സാമ്പത്തിക വർഷത്തിൽ റീസർവ്വെ ജോലികളുടെ പുരോഗതിക്കായി ടോട്ടൽ സ്റ്റേഷനുകളും; ഡിജിറ്റൈസേഷൻ ജോലികൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും വാങ്ങുന്നതിനും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്ക് ഘട്ടംഘട്ടമായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും സൂപ്രണ്ട് ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾക്ക് ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ 12 ജില്ലകളിൽപ്പെട്ട 24 വില്ലേജുകളിലെ റീ-സർവ്വേ പൈലറ്റ് പ്രോജക്ടായി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തിയാക്കുവാൻ കൂടുതൽ ടോട്ടൽ സ്റ്റേഷനുകളും ഡിജിറ്റൈസേഷൻ ജോലികൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും വാങ്ങുവാൻ ഉദ്ദേശിക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്ക് ഘട്ടംഘട്ടമായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും സൂപ്രണ്ട് ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾക്ക് ടെലിഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനും ശ്രമം നടന്നുവരുന്നു.

2506-00-800-99 (റവന്യൂ മെഷീണറിയുടെ ശക്തിപ്പെടുത്തലും ഭൂമി സംബന്ധമായ റിക്കാർഡുകൾ ശരിയാക്കലും) (50% കേന്ദ്രസഹായം) എന്ന ശീർഷകം ഇപ്പോൾ നിലവിലില്ല. പ്രസ്തുത ശീർഷകത്തിൽ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ തുക അനുവദിച്ചിരുന്നില്ല. ഇപ്പോൾ നടപ്പിലാക്കിവരുന്ന 50% കേന്ദ്രസഹായ പദ്ധതിയായ NLRMP-യിൽ കെട്ടിടം പണിക്ക് തുക ചെലവഴിക്കാൻ വ്യവസ്ഥയില്ല.

ശുപാർശ

സർവ്വേ ഡയറക്ടറേറ്റിനുവേണ്ടി പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുകയും ഇലക്ട്രിക്കൽ ജോലിക്കായി പ്രത്യേകമായി 120 ലക്ഷം രൂപയും ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ശീർഷകത്തിൽ തുകകൾ അനുവദിച്ചിട്ടില്ല. ഇപ്പോൾ നടപ്പിലാക്കിവരുന്ന 50% കേന്ദ്ര സഹായ പദ്ധതിയായ NLRMPയിൽ കെട്ടിടം പണിക്ക് തുക ചെലവഴിക്കാൻ വ്യവസ്ഥയില്ല.

ശുപാർശ

റീ-സർവ്വേ സംബന്ധിച്ച പ്രവർത്തനങ്ങളുടെ കാലതാമസം പരിഗണിച്ച സമിതി, ഈ സ്ഥിതിക്ക് മാറ്റം വരേണ്ടത് വളരെ അനിവാര്യമാണെന്ന് വിലയിരുത്തി. സർവ്വേ ഡിപ്പാർട്ട്മെന്റിന് കഴിയുന്ന വില്ലേജുകൾ ഏറ്റെടുത്ത് റീ-സർവ്വേ ചെയ്യേണ്ടതും ആറ് മാസത്തിനുള്ളിൽ എന്ത് പുരോഗതി കൈവരിച്ചു എന്ന് വിലയിരുത്തുന്നതിന് ഒരു സിസ്റ്റം ഉണ്ടാക്കേണ്ടതാണെന്നും ബാക്കി വില്ലേജുകൾ റീ-സർവ്വേ ചെയ്യുന്നതിനായി NIC പോലുള്ള ഇന്ത്യാ ഗവൺമെന്റ് സ്ഥാപനങ്ങളെ ഏർപ്പെടുത്തി നൂതന സാങ്കേതികവിദ്യ സ്വീകരിച്ച് റീ-സർവ്വേ ജോലികൾ പൂർത്തിയാക്കേണ്ടതും ആയത് സർവ്വേ വകുപ്പ് പരിശോധിച്ച് സർട്ടിഫൈ ചെയ്ത് നൽകേണ്ടതാണെന്നും ഒന്നര വർഷത്തിനുള്ളിൽ സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സർവ്വേ ആൻഡ് ലാന്റ് റിക്കോർഡ് വകുപ്പ് കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

സർക്കാരിന്റെ 25-8-2011-ലെ 43591/ഇ3/11/റവന്യൂ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 12 ജില്ലകളിലെ 24 വില്ലേജുകളിൽ റീ-സർവ്വേ പൈലറ്റ് പ്രോജക്ടായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിൽ 22 വില്ലേജുകളിലെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 വില്ലേജുകളിലെ ഫീൽഡ് ജോലി ഉടനടി പൂർത്തിയാക്കി സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടാത്ത 4 വില്ലേജുകളിലെ ഫീൽഡ് ജോലി പൂർത്തിയാക്കി സെക്ഷൻ 9(2) ഈ കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലെ 4 റീ-സർവ്വേ ബ്ലോക്കുകളുടെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ്, പ്രതിമാസ കോൺഫറൻസ്, ജോയിന്റ് ഡയറക്ടർമാരുടെ പ്രതിമാസ അവലോകനം എന്നിവവഴി റീ-സർവ്വേ പുരോഗതി വിലയിരുത്തുന്നുണ്ട്.

ശുപാർശ

സർവ്വേ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ വാഹനങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിൽ സർവ്വേ വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്കായി 2029-00-102-95-21(1), 2029-00-102-99-21(1) പർച്ചേസ് ഓഫ് മോട്ടോർ വെഹിക്കിൾസ് എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടെങ്കിലും ധനകാര്യ വകുപ്പ് ആയത് അനുവദിച്ചിട്ടില്ല. സർവ്വേ വകുപ്പിലേക്ക് ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലും ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ല.

ശുപാർശ

100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 103.95 ലക്ഷം രൂപയുടെ പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച 103.95 ലക്ഷം രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചില്ല. 2506-00-103-94-NLRMP എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചില്ല. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ 219.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഭാഗം IV

## സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

ശുപാർശ

സുനാമിയിൽ തീരപ്രദേശത്തെ മനുഷ്യജീവിതം ദുരിതപൂർണ്ണവും ദുസ്സഹവുമായി മാറിയെങ്കിലും സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി തീരപ്രദേശങ്ങളിൽ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഫിഷറീസ് വകുപ്പിന്റെ സഹായത്തിനു പുറമേ മറ്റു വകുപ്പുകളുടെ സഹായവും കൂടി ലഭിച്ചാൽ മാത്രമേ തീരപ്രദേശത്ത് വലിയ തോതിലുള്ള വികസനം സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ദുരിതസാധ്യത ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളാണ് കടൽത്തീരങ്ങൾ എന്നതു കൊണ്ടുതന്നെ ഫിഷറീസ് വകുപ്പിന്റെ ഫണ്ടിനുപുറമേ മറ്റു വകുപ്പുകളും എല്ലാ വർഷവും ആവശ്യമായ സഹായം ലഭ്യമാക്കണമെന്നും സർക്കാരിന്റെ ശ്രദ്ധയും അഡീഷണൽ ഫണ്ടും ഇതിനായി നീക്കിവയ്ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

1. സുനാമി അടിയന്തിര സഹായ പദ്ധതി(ടീപ്പ്)ക്കായി 245.46 കോടി രൂപയായിരുന്നു ഏഷ്യൻ വികസന ബാങ്ക് അനുവദിച്ചിരുന്നത്. ഇതിൽ 103.86 കോടി രൂപ ഗ്രാന്റും 141.6 കോടി രൂപ വായ്പയുമായിരുന്നു. എന്നാൽ ഡോളർ വിനിമയ നിരക്കിലുള്ള വ്യത്യാസം കാരണം പദ്ധതിക്കു കീഴിൽ ലഭ്യമായ തുക 256.24 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഇതിൽ 253.10 കോടി രൂപ ചെലവഴിക്കുകയും സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ ഏഷ്യൻ വികസന ബാങ്കിന് സമർപ്പിക്കുകയും ചെയ്തു. 252.39 കോടി രൂപ റീഇംപേഴ്സ്മെന്റായി ലഭിക്കുകയും ചെയ്തു. തുക വർദ്ധന ഉണ്ടാകും എന്നുള്ള സൂചന 2009 മേയ് അവസാനം മാത്രമാണ് ഏഷ്യൻ വികസന ബാങ്ക് നൽകിയത്. പദ്ധതിയുടെ കീഴിൽ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതിന് ടെൻഡർ നടപടികൾ ഉൾപ്പെടെയുളളതിൽ ഏഷ്യൻ വികസന ബാങ്കിന്റെ നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാതിരുന്നതിനാലാണ് ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയാതിരുന്നത്. എന്നാൽ ഗ്രാന്റിനത്തിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

2. സുനാമി അടിയന്തിര സഹായ പദ്ധതിയുടെ കീഴിൽ ആകെ ചെലവഴിച്ച തുക 272.49 കോടി രൂപയാണ്. ഇതിൽ 19.39 കോടി രൂപ സ്ഥലം ഏറ്റെടുക്കുന്നതിനും നികുതിയിനത്തിലുമാണ് ചെലവഴിച്ചത്. ഈ തുക സംസ്ഥാന സർക്കാരാണ് വഹിച്ചത്. ഫിഷറീസ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കിയത്.

3. പൊതുമരാമത്ത് വകുപ്പ് കല്ലുമൂട്ടിൽ കടവ് (17.07 കോടി രൂപ), ആയിരം തെങ്ങ് അഴീക്കൽ (18.23 കോടി രൂപ), കൊച്ചീടെ ജെട്ടി (16.08 കോടി രൂപ) എന്നിവിടങ്ങളിൽ മൂന്ന് പാലങ്ങൾ നിർമ്മിച്ചു. ഇത് സുനാമിമൂലം ഏറ്റവും കൂടുതൽ ദുരന്തങ്ങൾ ഉണ്ടായ ആലപ്പാട്, ആറാട്ടുപുഴ പഞ്ചായത്തുകളിലാണ്. ചെറിയ കടവ്-തോപ്പുംപടി, തുമ്പോളി-മാരാരിക്കുളം, തൈക്കൽ-ചെല്ലാനം, വർക്കല-കാപ്പിൽ, പൊഴിക്കര-കാപ്പിൽ എന്നീ റോഡുകൾ പുനരുദ്ധരിക്കുകയും ചെയ്തു. കൂടാതെ 15-ഓളം ചെറുകിട റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടത്തുകയുണ്ടായി. ഇതിനായി 76.77 കോടി രൂപയാണ് ചെലവഴിച്ചത്.

4. കേരള വാട്ടർ അതോറിറ്റി 40 കോടി രൂപ ചെലവഴിച്ച് ആലപ്പാട്, ഓച്ചിറ, ക്ലാപ്പന, കരുനാഗപ്പള്ളി, ആറാട്ടുപുഴ, കായംകുളം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലായി സമഗ്രകുടിവെള്ള പദ്ധതിയും നിരവധി ചെറുകിട ജലസേചന പദ്ധതികളും നടപ്പിലാക്കി. ആകെ ചെലവഴിച്ചത് 57.29 കോടി രൂപയാണ്. ഇതിൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പദ്ധതിയുടെ കോൺട്രാക്ടറായ റാംകി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 4 കോടി രൂപ പിഴയായി ഈടാക്കുകയുണ്ടായി. ഇക്കാരണത്താൽ 53.29 കോടി രൂപയാണ് ഏഷ്യൻ വികസന ബാങ്കിൽ നിന്നും ക്ലെയിം ചെയ്തത്. ഗ്രാന്റിനത്തിൽ ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മിച്ചംവന്ന 4 കോടി രൂപ ഫിഷറീസ് വകുപ്പിന് അനുവദിക്കുകയുണ്ടായി.

5. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് 37.62 കോടി രൂപ ചെലവഴിച്ച് 56 ഫിഷറീസ് റോഡുകളുടെ നിർമ്മാണം, വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ പുനരുദ്ധാരണം, മാപ്പിളബേ, വിഴിഞ്ഞം എന്നീ ഫിഷിംഗ് ഹാർബറുകളുടെ നവീകരണം ഉൾപ്പെടെ നിരവധി പ്രവൃത്തികൾ നടപ്പിലാക്കുക യുണ്ടായി.

6. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് 31.19 കോടി രൂപ ചെലവഴിച്ച് തീരദേശങ്ങളിലെ വൈദ്യുതി വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നിരവധി ഗാർഹിക കണക്ഷനുകൾ നൽകുകയും ചെയ്തു.

7. ഫിഷറീസ് വകുപ്പ് 45.25 കോടി രൂപ ചെലവഴിച്ച് പച്ച മത്സ്യവിപണന ത്തിന് വാഹനം ലഭ്യമാക്കൽ, സീഫുഡ് കിച്ചൺ, വർക്കിംഗ് ക്യാപ്പിറ്റൽ ഫോർ റിവോൾവിംഗ് ഫണ്ട്, ഫിഷ് കിയോസ്ക്, കല്ലുമ്മക്കായ കൃഷി, വൃത്തിയാക്കിയ പച്ചമത്സ്യ/ഉണക്കമത്സ്യ യൂണിറ്റ്, ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, അവലോകനം, അലങ്കാര മത്സ്യകൃഷിയും വിപണനവും, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ, മാസ്റ്റർ റിസോഴ്സസ് പേഴ്സണിന്റെ പരിശീലനം, കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ, ക്ലസ്റ്റർ പ്രൊഡക്ഷൻ സെന്റർ എന്നിവയുടെ നിർമ്മാണം, വിവരസാങ്കേതികവിദ്യാ കിയോസ്കുകൾ, ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്, ഫീൽഡ് ലെവൽ ഇംപ്ലിമെന്റേഷൻ സപ്പോർട്ട്, കടൽ സുരക്ഷാ കിറ്റുകളുടെ വിതരണം, റിസ്ക് മിറ്റിഗേഷൻ (ഇൻഷുറൻസ്) തുടങ്ങിയ നിരവധി ജീവനോപാധി പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

**സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി.)**

സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി.)ക്കായുള്ള അധിക കേന്ദ്ര സഹായം 1148 കോടി രൂപയാണ്. 10 സെക്ടറുകളിലായി 15 പദ്ധതി നിർവ്വഹണ യൂണിറ്റുകളാണ് സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്. ഇതു കൂടാതെ അപകടകരമായ സാഹചര്യങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള തീരദേശ പുനരധിവാസ പദ്ധതി സുനാമി പുനരധിവാസ പദ്ധതിക്കു കീഴിൽ നടപ്പിലാക്കുന്നുണ്ട്. ഫിഷറീസ്, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സയൻസ് ആന്റ് ടെക്നോളജി, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകളാണ് സുനാമി പുനരധിവാസ പദ്ധതിക്കു കീഴിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി യിട്ടുള്ളത്.

സുനാമി പുനരധിവാസ പദ്ധതിക്കു കീഴിൽ സഹകരണ വകുപ്പിന് 18.87 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുനാമിബാധിതർക്ക് സഹകരണ ബാങ്കുകളിലുള്ള ബാദ്ധ്യതയുടെ മുതൽതുക എഴുതിത്തള്ളുന്നതിനായാണ് ഈ തുക വകയിരുത്തിയി ട്ടുള്ളത്. ഇതിൽ 14.23 കോടി രൂപ ഫിഷറീസ് വകുപ്പിനു കീഴിൽ വരുന്ന സഹകരണ സ്ഥാപനങ്ങളിൽ ദുരന്തബാധിതർക്കുള്ള ബാദ്ധ്യതയുടെ മുതൽതുക എഴുതിത്തള്ളുന്നതിനും 91,49,703 രൂപ സഹകരണ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ദുരിതബാധിതർക്കുള്ള ബാദ്ധ്യതയുടെ മുതൽതുക എഴുതി തള്ളുന്നതിനും അനുവദിച്ചിട്ടുണ്ട്.

സുനാമി പുനരധിവാസ പദ്ധതികൾക്കുള്ള അവസാന ഗഡു കേന്ദ്രസഹായം 2010 ജൂലൈ മാസത്തിലാണ് അനുവദിക്കപ്പെട്ടത്. സംസ്ഥാന ധനകാര്യ വകുപ്പ് 2010 ആഗസ്റ്റ് മാസത്തിൽ ഇത് റിലീസ് ചെയ്തു. പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്ക് അപേക്ഷ പ്രകാരം ഘട്ടംഘട്ടമായാണ് ഫണ്ട് അനുവദിക്കുന്നത്. അനുവദിച്ച ഫണ്ടിനുള്ള വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നു. ഇതിൽ 60 കോടി രൂപ വീടുകൾ പണിയുന്നതിനായും, ബാക്കി 58 കോടി രൂപ മറ്റ് വകുപ്പുകൾക്ക് നൽകുന്നതിനായിട്ടുള്ളതുമാണ്.

**തീരദേശ ഭവന പുനരധിവാസ പദ്ധതി : റവന്യൂ വകുപ്പ്**

സുനാമി പുനരധിവാസ പദ്ധതി പ്രകാരം അപകടമേഖലയിലുള്ളവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന സി.എച്ച്.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഭൂമി (സർക്കാർ ഭൂമിയോ പൊന്നും വിലയ്ക്കെടുത്ത ഭൂമിയോ) സർക്കാർ ഏറ്റെടുത്തതിനു ശേഷമാണ് വീട് പണി ആരംഭിച്ചിരിക്കുന്നത്. സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ മേൽനോട്ട ചുമതല കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നേരിട്ടും, താഴെപ്പറയുന്ന തെരഞ്ഞെടുത്ത 11 ഏജൻസികൾ, അതായത്:—

1. Alleppy Diocesan Charitable & Welfare Society, Alappuzha.
2. Apex Voluntary Agency for Rural Development (AVARD), Thrissur.
3. Ernakulam Social Service Society (ESSS), Ernakulam.
4. Habitat Technology Group, Thiruvananthapuram.
5. Kerala Agro Industries Corporation Ltd., Thiruvananthapuram.
6. Kerala Artisans' Development Corporation Ltd., Thiruvananthapuram.
7. KIDS, Kottapuram, Thrissur.
8. P.S.K. Engineering Construction & Co., Namakkal, Tamil Nadu.
9. Quilon Social Service Society, Kollam.
10. Rajagiri Outreach Service Society, Kalamassery.
11. Trivandrum Social Service Society, Vellayambalam, Thiruvananthapuram.

എന്നിവ മുഖേനയും ഗുണഭോക്താക്കൾ തന്നെ നേരിട്ടും സ്വന്തം സ്ഥലത്ത് സർക്കാർ ധനസഹായം നൽകിയും (ഇൻസിറ്റു) വീടുകൾ പണിതിട്ടിട്ടുണ്ട്. ആരംഭത്തിൽ 11000 വീടുകളാണ് ജനറൽ പാക്കേജിൽ ഉദ്ദേശിച്ചിരുന്നതെങ്കിലും സ്ഥലത്തിന്റെ ലഭ്യത, ഗുണഭോക്താക്കളുടെ താൽപ്പര്യക്കുറവ്, കോടതി വ്യവഹാരങ്ങൾ, സാധനങ്ങളുടെ വിലക്കയറ്റം ഇവയെല്ലാം കണക്കിലെടുത്ത് ഏകദേശം 9500 വീടുകൾ പണിയുന്നതിനായി അനുമതി നൽകിയിരുന്നു.

ഇതുകൂടാതെ സുനാമി സ്പെഷ്യൽ പാക്കേജിൽ ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് എന്നിവിടങ്ങളിൽ വീട് പണിതിട്ടുണ്ട്.

ശുപാർശ

സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായി തീരദേശത്ത് ഏകദേശം ഒരു ലക്ഷം വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് 2500 എസ്.എച്ച്.ജി.-കൾ ഉണ്ടാക്കിയിട്ടുണ്ടെന്നും മത്സ്യവിഭവങ്ങളും മത്സ്യേതര വിഭവങ്ങളും ഉണ്ടാക്കുന്ന 2000 യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഈ യൂണിറ്റുകളുടെ പ്രവർത്തനം സ്ഥിരമായി നടത്താൻ കഴിയുന്നതിനുള്ള സഹായവും വിപണിയും ഫിഷറീസ് വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

സബ്ജക്റ്റ് കമ്മിറ്റിയുടെ 42-ാം നിർദ്ദേശങ്ങളുടെ ഭാഗമായി തീരദേശത്തുള്ള വനിതാ മത്സ്യത്തൊഴിലാളികളുടെ സുസ്ഥിരമായ ഉന്നതിക്കായി തീരദേശത്തെ മുഴുവൻ ആക്ടിവിറ്റി ട്രൂപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് തീരമൈത്രി കൗൺസിൽ എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ തീരദേശ പഞ്ചായത്തുകളിലൂടെയും നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ മത്സ്യവിഭവങ്ങളും മത്സ്യേതര വിഭവങ്ങളും ഉണ്ടാക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പുകൾക്കായി വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ, ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്ലാസ്സുകൾ, പ്രവർത്തന മൂലധന വായ്പ, ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സാമ്പത്തിക സഹായം, പുതിയ വിപണികൾ കണ്ടെത്തുന്നതിനും പായ്ക്കിംഗിനും ലേബലിംഗിനുമുള്ള സഹായം, കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനായുള്ള വിദഗ്ദ്ധ പരിശീലനം, മേളകളിലും ഉത്സവങ്ങളിലും ഉല്പന്നങ്ങളുടെ പ്രദർശനവും വില്പനയും പ്രോത്സാഹിപ്പിക്കൽ തുടങ്ങി വിവിധ തരത്തിലുള്ള പദ്ധതികൾ തീരമൈത്രി പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2010-11 മുതൽ 5 വർഷത്തേക്ക് രണ്ടു കോടി രൂപ അനുവദിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

ബൾക്ക് ലാന്റിംഗ് സമയത്ത് ലഭിക്കുന്ന മത്സ്യസമ്പത്ത് മുഴുവനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ല. ഇപ്പോൾ റെഫ്രിജറേറ്റർ വാൻ മുഖേന മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോയി വില്ക്കുകയാണ് ചെയ്യുന്നത്. ഫിഷ്മീൽ പ്ലാന്റുകൾ സ്ഥാപിക്കുക എന്നതാണ് ഇതിന് ഒരു പരിഹാരമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജ് മുഖേന ഒരു ഫിഷ്മീൽ പ്ലാന്റ് സ്ഥാപിച്ചത് ഉടനെ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. മത്സ്യതൊഴിലാളികൾക്ക് വലിയ സാമ്പത്തികനേട്ടം ലഭിക്കുന്ന ഇത്തരം ഫിഷ്മീൽ പ്ലാന്റുകൾ അഴീക്കോട് (തൃശ്ശൂർ), കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ അടിയന്തിരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി II-ന്റെ സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ടിന്റെ 45-ാം നിർദ്ദേശം സംസ്ഥാനത്ത് കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, അഴീക്കോട് എന്നിവിടങ്ങളിൽ ഫിഷ്മീൽ പ്ലാന്റുകൾ സ്ഥാപിക്കണമെന്നും ആറാട്ടുപുഴയിൽ സ്ഥാപിക്കുന്ന ഫിഷ്മീൽ പ്ലാന്റ് കമ്മീഷൻ ചെയ്യണമെന്നുമാണ്.

ബൾക്ക് ലാന്റിംഗ് സമയത്ത് ലഭിക്കുന്ന മത്സ്യം പൂർണ്ണമായും സംസ്കരിക്കാനും കുറഞ്ഞവിലയുള്ള മത്സ്യങ്ങൾക്ക് നല്ലവില മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടി മത്സ്യഫെഡ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനം മത്സ്യ സംസ്കരണത്തിന് കൊച്ചിയിൽ സ്ഥാപിതമായ മത്സ്യ ഫെഡ് ഫ്രീസിംഗ് പ്ലാന്റാണ്. ബൾക്ക് ലാന്റിംഗ് സമയത്ത് മത്സ്യം കയറ്റുമതി ചെയ്യാൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖേന മത്സ്യ എക്സ്പോർട്ടർമാരുമായി കരാറിൽ മത്സ്യഫെഡ് ഏർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, ഫിഷ് മാർക്കറ്റുകൾ എന്നിവിടങ്ങളിൽ മത്സ്യം സംഭരിക്കാനും സംസ്കരിക്കാനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും മത്സ്യഫെഡ് ശക്തിപ്പെടുത്തിവരുന്നു. ഈ ലക്ഷ്യത്തോടെ ഏറ്റെടുത്തിട്ടുള്ള ഒരു പുതിയ പദ്ധതിയാണ് ആറാട്ടുപുഴയിൽ സ്ഥാപിച്ചുവരുന്ന ഫിഷ്മിൽ പ്ലാന്റ്. 490 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിക്ക് 159.81 ലക്ഷം രൂപ സുനാമി റീഹാബിലിറ്റേഷൻ പദ്ധതിപ്രകാരം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ബാക്കി തുക സമാഹരിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എഫ്.ഡി.ബി. യോട് അപേക്ഷിച്ചിട്ടുണ്ട്. ലഭ്യമായ തുക ഉപയോഗിച്ച് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം നടത്തിവരുന്നു. ഈ പ്ലാന്റിന്റെ ആവശ്യമായ മെഷീനുകൾ, കർണ്ണാടക അയൺ വർക്സിൽ നിന്നും വാങ്ങാനുള്ള നടപടികൾ പൂർത്തിയായാൽ ഉടൻ മെഷീനുകൾ സ്ഥാപിക്കുന്നതാണ്. 3200 മെട്രിക് ടൺ സ്ഥാപിതശേഷിയുള്ള ഈ പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിലൂടെ ആലപ്പുഴ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ ബൾക്ക് ലാന്റിംഗ് സമയത്ത് ലഭ്യമാകുന്ന മത്സ്യസമ്പത്ത് പൂർണ്ണമായും സംസ്കരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതുപോലെ പുതിയ ഫിഷ്മീൽ പ്ലാന്റ് അഴീക്കോട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന വിഷയം ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് പ്രവർത്തനസജ്ജമാക്കിയതിനുശേഷം, ഈ യൂണിറ്റിനെ വിലയിരുത്തി വിശദമായ പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഓരോ യൂണിറ്റിനും ആവശ്യമായ ഫണ്ടിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

ശുപാർശ

ഓട്ടോമാറ്റിക് യന്ത്രങ്ങളുടെ സഹായത്താൽ നാല് ഡ്രൈഫിഷ് യൂണിറ്റുകൾ ഒമാൻ സർക്കാരുമായി കരാർ ഒപ്പുവയ്ക്കാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. സാമ്പത്തികനേട്ടം ഉണ്ടാകുന്ന ഇത്തരം യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ശക്തികുളങ്ങരയിൽ സ്ഥാപിക്കപ്പെട്ട ഡ്രൈ ഫിഷ് കോംപ്ലക്സ് 2010 ജൂൺ 8-ാം തീയതി ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചുവരുന്നു. മത്സ്യം ഉണക്കലിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് കോംപ്ലക്സിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഗുണമേന്മയുള്ള മത്സ്യം ഉണക്കിയെടുക്കുന്നതിനും വിപണനം നടത്തി ജീവനോപാധി കണ്ടെത്തുന്നതിനുമായി കേരളത്തിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട സോളാർ ഡ്രയറിൽ 500 കിലോഗ്രാം പച്ചമത്സ്യം വരെ വൃത്തിയായും ഗുണമേന്മയോടും ഉണക്കിയെടുക്കുകയാണ് ലക്ഷ്യം. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡ്രൈഫിഷ് കോംപ്ലക്സ് നല്ലരീതിയിൽ ഉണക്കിയെടുക്കുന്ന മത്സ്യം സൂപ്പർമാർക്കറ്റിലും പ്രദർശന സ്റ്റാളുകളിലും വിൽപ്പന നടത്തി കിട്ടുന്നലാഭം ബാങ്കിൽ നിക്ഷേപിക്കുന്നു. ഡ്രൈഫിഷ് കോംപ്ലക്സിന്റെ സുഗമമായ പ്രവർത്തനത്തിന് രൂപീകരിച്ച കമ്മിറ്റി കൃത്യമായി യോഗംകൂടി വരുന്നു. ഉൽപ്പാദനശേഷി പൂർണ്ണമായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് തന്നെ നേരിട്ട് പച്ചമത്സ്യം വാങ്ങിവരുന്നു. ഡ്രൈഫിഷ് കോംപ്ലക്സിന്റെ ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ ഇനത്തിൽ സംഭരിക്കുന്ന തുകയാണ് മുഖ്യ മൂലധനം. പ്രസ്തുത സ്ഥാപനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് 3 വർഷത്തെ കൊമേഴ്സ്യൽ ഓപ്പറേഷനുവേണ്ടി കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്.

അടൂർ പ്രകാശ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി II.*

തിരുവനന്തപുരം,
2013 മേയ് 15.

അനുബന്ധം

## 2012 ഏപ്രിൽ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും, ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ ഒരു യോഗം 2012 ഏപ്രിൽ മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂ വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. സി. കെ. നാണു, ,,
3. ശ്രീ. എ. പ്രദീപ്കുമാർ, ,,
4. ശ്രീ. എൻ. ഷംസുദ്ദീൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീമതി കെ. ബി. വൽസലകുമാരി, കമ്മീഷണർ, ലാന്റ് റവന്യൂ.
3. ശ്രീമതി സുലോചന, കെ. കെ., അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്.
4. ശ്രീമതി എൽ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.
5. ശ്രീ. എൻ. വാസു, കമ്മീഷണർ, ട്രാവൻകൂർ ദേവസ്വം ബോർഡ്.
6. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീ. ടി. എം. മാത്തുക്കുട്ടി, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
8. ശ്രീ. കെ. ശശി, ഫിനാൻസ് ഓഫീസർ, ലാന്റ് ബോർഡ്, തിരുവനന്തപുരം.
9. ശ്രീ. എസ്. അനൂപ്, ഫിനാൻസ് ഓഫീസർ, സർവ്വേ ആന്റ് ലാന്റ് റിക്കാഡ്സ്.

സമിതി 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI, XXVI എന്നിവ സംബന്ധിച്ച് ലഭ്യമായ കുറിപ്പുകൾ പരിഗണിക്കുകയും ധനാഭ്യർത്ഥനകൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുംചെയ്തു.

കേരളത്തിലെ വില്ലേജ് ഓഫീസുകളിലെ ശോചനീയ സ്ഥിതിയെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും, സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾക്ക് അടിയന്തിരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഉടനടി പുനരുദ്ധരിക്കണമെന്നും സംസ്ഥാനത്തെ ഓരോ പഞ്ചായത്തിനും ഓരോ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

"ഭൂരഹിതരില്ലാത്ത കേരളം" എന്ന പദ്ധതിയുടെ ആദ്യപടിയായി ഭൂരഹിതരുടെ കണക്കെടുപ്പ് ഈ വർഷം ഏപ്രിൽ മാസം ആരംഭിക്കുമെന്നും, എല്ലാ ഭൂരഹിതർക്കും വീട് വയ്ക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിക്കുമെന്നും ആയതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കും നടത്തിപ്പിനുമായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനായുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (RELIS) എന്ന പുതിയ സോഫ്റ്റ്‌വെയർ പാലക്കാട് ജില്ലയിലെ 16 വില്ലേജുകളിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിയിട്ടുണ്ട് എന്നും, റീസർവ്വേ പൂർത്തിയാക്കിയ 557 വില്ലേജുകളിൽ 2012-2013 വർഷത്തിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനായി ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് ലഭിക്കുന്ന 2012-2013 വർഷത്തെ ഫണ്ടിൽ 75 ശതമാനം തുക കേന്ദ്ര ഗവൺമെന്റും, 25 ശതമാനം തുക സംസ്ഥാന ഗവൺമെന്റുമാണ് കണ്ടെത്തുന്നത് എന്നും ഈ വർഷം 144 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കാൻ പോകുന്നത് എന്നും, ഭാഗികമായി തകർന്ന വീടുകൾക്ക് 20,000 രൂപയും പൂർണ്ണമായി തകർന്ന വീടുകൾക്ക് 1 ലക്ഷം രൂപയുമാണ് നൽകുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രകൃതിക്ഷോഭംമൂലം വീട് നശിച്ചവർക്ക് 2 ലക്ഷം രൂപയും ഭാഗികമായി വീട് നശിച്ചവർക്ക് 1 ലക്ഷം രൂപയും ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകണമെന്ന് സമിതി ശുപാർശ ചെയ്തു.

ഇടിമിന്നൽ, കടലാക്രമണം എന്നിവമൂലമുണ്ടാകുന്ന അപകടങ്ങളും പാമ്പ് കടിയേറ്റുള്ള മരണങ്ങളും ദുരന്തമായി കണക്കാക്കാത്തതിനാൽ ആയവയ്ക്ക് നഷ്ടപരിഹാരമൊന്നും ലഭിക്കുന്നില്ല എന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ ഇവ ദുരന്തമായി കണക്കാക്കുന്നതിനും ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പല സ്ഥലങ്ങളിലും റവന്യൂ വകുപ്പ് നികുതി പിരിക്കുന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു എന്ന് സമിതി അഭിപ്രായപ്പെട്ടു. വനത്തിനടുത്തുള്ള മേഖലയിലാണ് ഈ തർക്കങ്ങൾ അധികവുംവരുന്നത് എന്നും വനംവകുപ്പിന്റെ തടസ്സം ഉണ്ടെന്ന കാരണത്താൽ കർഷകർ ഭൂമി കൈമാറാൻ കഴിയാതെ വിഷമിക്കുകയാണെന്നും, അടിയന്തിരമായി ഡിമാർക്കേഷൻ നടത്തി ഏതാണ് റവന്യൂ ഭൂമി ഏതാണ് വനഭൂമി എന്ന് തരംതിരിച്ച് ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തി.

സർവ്വേ വകുപ്പിലെ 15 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾ വളരെ അടിയന്തിരമായി മാറ്റം ചെയ്യേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി താഴെപ്പറയുന്ന ശുപാർശയോടെ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമായ ധനാഭ്യർത്ഥനകൾ അംഗീകരിച്ചു:

## ധനാഭ്യർത്ഥന നമ്പർ VI

2029-00-001-99-05 (4)—മറ്റിനങ്ങൾ

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പത്ത് ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-101-99-(04)-1—യാത്രാബത്ത

സംസ്ഥാനത്താകമാനമുള്ള വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ള വില്ലേജ് ജീവനക്കാരുടെ യാത്രാബത്ത വിഹിതത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-101-99-05 (3)—ടെലിഫോൺ ചെലവ്

14-2-2010-ലെ ജി.ഒ. (എംഎസ്.) നമ്പർ 508/10/ആർ.ഡി. പ്രകാരം എല്ലാ വില്ലേജ് ഓഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 39,67,000 രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

2029-00-103-97-01 (1)—ദേവികുളത്ത് ഏലക്കൃഷിഭൂമിയുടെ പ്രത്യേക കണ്ടെഴുത്ത് ഓഫീസ്

ദേവികുളത്ത് പ്രവർത്തിക്കുന്ന ഏലക്കൃഷിഭൂമിയുടെ പ്രത്യേക കണ്ടെഴുത്ത് ഓഫീസിലെ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസിനുമായുള്ള ഈ ശീർഷകത്തിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ശമ്പളത്തിനും അലവൻസുകൾക്കുമായി 37,90,000 രൂപയും, റ്റി.എ. ഓഫീസ് ചെലവിനങ്ങൾക്കായി 2,20,000 രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2506-00-103-93-(02)—ഭൂരേഖകളുടെ കാലോചിതമായ സർവ്വേയും തീർപ്പാക്കലും

50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2,404.1 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 2,000 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ, ആയതിനാൽ ഈ ശീർഷകത്തിൽ ആവശ്യമായ 404.10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2506-00-103-94—ഭൂരേഖകളുടെ ആധുനികവൽക്കരണം (എൻ.എൽ.ആർ.എം.പി.) ഭൂരേഖകളുടെ കമ്പ്യൂട്ടർ വൽക്കരണം—50% കേന്ദ്രാവിഷ്കൃത പദ്ധതി.

ഭൂരേഖകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ട് 353.30 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നെങ്കിലും 219.10 ലക്ഷം രൂപയേ പ്രസ്തുത ഇനത്തിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 134.20 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2029-00-102-95-21(1)
2029-00-102-99-21(1) } മോട്ടോർ വാഹനങ്ങൾ

ഈ വകുപ്പിൽ നിലവിലുള്ള 31 വാഹനങ്ങളിൽ 13 വാഹനങ്ങൾ 15 വർഷത്തിലേറെ പഴക്കം ഉള്ളവയാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ കഴിഞ്ഞവർഷവും തുക അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി യോഗം ഉച്ചയ്ക്ക് 12.15-ന് പിരിഞ്ഞു.

## 2012 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും, ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ഒരു യോഗം 2012 ഏപ്രിൽ മാസം 17-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. സി. കെ. നാണു, ,,
3. ശ്രീ. എ. പ്രദീപ്കുമാർ, ,,

4. ശ്രീ. പാലോട് രവി, എം.എൽ.എ.
5. ശ്രീ. വി. പി. സജീന്ദ്രൻ, ,,
6. ശ്രീ. എൻ. ഷംസുദ്ദീൻ, ,,
7. ശ്രീ. വി. എസ്. സുനിൽ കുമാർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. രാജു, വൈ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.
2. ശ്രീമതി കെ. ബി. വൽസലകുമാരി, കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ.
3. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. കെ. സി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ (കമ്മീഷണർ ഇൻ-ചാർജ്ജ്, മലബാർ ദേവസ്വം ബോർഡ്).
5. ഡോ. ഡി. സജിത്ബാബു, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ.
6. ശ്രീ. ടി. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.
7. ശ്രീമതി എൽ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.
8. ശ്രീമതി സാധന എസ്. നായർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
9. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. എൻ. വാസു, കമ്മീഷണർ, ട്രാവൻകൂർ ദേവസ്വം ബോർഡ്.
11. ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.), ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.
12. ഡോ. കേശവ് മോഹൻ, ഡയറക്ടർ, ഐ.എൽ.ഡി.എം.

സമിതി 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XI, XX, XXVIII എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും അഞ്ച് ഡിവിഷണൽ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നിർദ്ദേശം 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന

കളുടെ പരിശോധനാവേളയിൽത്തന്നെ സമിതി നൽകിയിരുന്നുവെങ്കിലും, ആയതിന് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തി. മൂന്ന് മാസത്തിനുള്ളിൽ കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന തിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളോടനുബന്ധിച്ച് ആയിരക്കണക്ക് ഏക്കർ ഭൂമി പലരും കയ്യേറിയിരിക്കുകയാണെന്നും ആയതിനാൽ ലാന്റ് കൺസർവൻസി യൂണിറ്റ് തുടങ്ങുന്നതിനുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വെളിപ്പെടുത്തി. ലാന്റ് കൺസർവൻസി യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് തീരുമാനമെടുത്തതിന് ശേഷം, ടി ഇനത്തിൽ തുക അനുവദിക്കുന്നതിന് ശുപാർശ നൽകിയാൽ മതിയാകും എന്ന് സമിതി വ്യക്തമാക്കി.

പൂജയ്ക്ക് ആവശ്യമുള്ള പുഷ്പച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഗ്രാന്റ് എന്ന വിഷയം ചർച്ച ചെയ്ത സമിതി, ക്ഷേത്രക്കുളങ്ങൾക്ക് ചുറ്റും പൂജാ പുഷ്പങ്ങൾക്കായുള്ള ചെടികൾ വച്ചുപിടിപ്പിക്കാൻ സൗകര്യമുള്ള എത്ര ക്ഷേത്രങ്ങൾ മലബാർ ദേവസ്വത്തിന്റെ കീഴിലുണ്ടെന്നത് സംബന്ധിച്ച സർവ്വേ നടത്തേണ്ടത് ആവശ്യമാണെന്നും, എത്ര ക്ഷേത്രക്കുളങ്ങളുണ്ട്, എത്ര സ്ഥലം ഇതിനുവേണ്ടി വിനിയോഗിക്കാം എന്നതിനെക്കുറിച്ച് ഒരു അടിസ്ഥാനവിവരം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

1-1-1977-നു മുൻപ് കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിനായുള്ള പ്രത്യേക യൂണിറ്റ് സംബന്ധിച്ച വിഷയം പരിഗണിച്ച സമിതി ആയത് സംബന്ധിച്ച് വിശദമായി ചർച്ച നടത്തി. 50 വർഷങ്ങൾക്ക് മേൽ സ്ഥിരമായി താമസിക്കുകയും റേഷൻ കാർഡിൽ പേരുൾപ്പെടുകയും ചെയ്തിട്ടും പട്ടയം ലഭിക്കാത്ത ഒട്ടേറെ അപേക്ഷകൾ ഇപ്പോഴും പെന്റിംഗിലാണെന്നും, പാറമടയിൽ കുടിൽ കെട്ടി താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഇതുവരെ പട്ടയം ലഭ്യമായിട്ടില്ലെന്നും ആയതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോയെന്നും ആരാഞ്ഞു.

1-1-1977-നു മുൻപ് വനഭൂമിയിലേക്ക് മാറിയിട്ടുള്ളവർക്കാണ് പട്ടയം കൊടുക്കുന്നത്. ലാന്റ് അസൈൻമെന്റ് ആക്ടിന്റെ ഭാഗമായി തരിശുഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നുണ്ടെന്നും, സീറോ ലാന്റ്ലെസ് പോളിസിയിൽ അപേക്ഷ വാങ്ങി പരിശോധിച്ച് ഏതിലാണ് ഇവർ വരുന്നതെന്ന് നിശ്ചയിച്ച് പട്ടയം കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, പാറ പുറമ്പോക്കും റോഡ് പുറമ്പോക്കും പതിച്ച് കൊടുക്കുവാൻ കഴിയില്ലെന്നും പാറ ലീസിന് കൊടുത്ത് പൊട്ടിച്ചശേഷം അസൈൻ ചെയ്ത് നൽകുന്നുണ്ട് എന്നും, 1-1-1977-ന് മുൻപുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും അനുമതി ലഭ്യമായത് 1992-ലാണെന്നും റവന്യൂ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 1993-ൽ സ്പെഷ്യൽ റൂൾ നോട്ടിഫൈ ചെയ്ത ചിലർക്ക് പ്രൊവിഷണൽ പട്ടയം നൽകിയിരുന്നു. ഇത് സംബന്ധിച്ച് സുപ്രീം കോടതിയിലുമുണ്ടായിരുന്ന

കേസ് 2010-ൽ അവസാനിക്കുകയും ഫൈനൽവിധി വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകാൻ യാതൊരു തടസ്സമില്ലന്നും, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ പകർപ്പ് വകുപ്പിൽ ഇല്ലാത്തതിനാൽ ഒരിക്കൽക്കൂടി അപേക്ഷ ക്ഷണിച്ച് റിക്കാർഡുകൾ ശേഖരിച്ച് പരിശോധന നടത്തി 6000 പേർക്ക് പട്ടയം നൽകാൻ നടപടി ആയിട്ടുണ്ടെന്നും വകുപ്പ് അധികൃതർ വ്യക്തമാക്കി.

ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയെ സംബന്ധിച്ച് ചർച്ച നടത്തിയ സമിതി മണ്ണ് എടുത്ത് കുന്നുകൾ നശിപ്പിക്കുക, വയലുകൾ നികത്തുക തുടങ്ങി പല നശീകരണ പ്രവർത്തനങ്ങളും തടയുന്നതിന് റവന്യൂ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് ആരാഞ്ഞു. ഇത്തരം നശീകരണ പ്രവർത്തനങ്ങൾ തടയുന്നതിന് റവന്യൂ, തദ്ദേശസ്വയംഭരണം, ആഭ്യന്തരം, കൃഷി, വ്യവസായം, ജലവിഭവം എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണെന്ന് വകുപ്പ് അധികൃതർ വ്യക്തമാക്കി.

ലാന്റ് ബോർഡ് പുനസംഘടനയെക്കുറിച്ച് ആരാഞ്ഞ സമിതിയോട് താലൂക്ക് അടിസ്ഥാനത്തിലാണ് ലാന്റ് ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതെന്നും, ലാന്റ് ബോർഡ് ക്വാസി ജുഡീഷ്യൽ ബോഡിയാണെന്നും ലാന്റ് അസൈൻമെന്റ് കമ്മിറ്റിക്ക് ജുഡീഷ്യൽ അധികാരമില്ലെന്നും ലാന്റ് അസൈൻമെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്ന ആളുകൾക്കാണ് ഭൂമി പതിച്ച് കൊടുക്കുന്നതെന്നും, വിവിധതലങ്ങളിൽ നിന്നുള്ള റെപ്രസെന്റേഷൻ വരാത്തതിനാലാണ് ലാന്റ് ബോർഡ് പുനഃസംഘടിപ്പിക്കാൻ സാധിക്കാത്തതെന്നും ലാന്റ് ബോർഡ് അധികൃതർ വ്യക്തമാക്കി.

സമിതി താഴെപ്പറയുന്ന ശുപാർശകളോടെ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽനിന്ന് ലഭ്യമായ ധനാഭ്യർത്ഥനകൾ അംഗീകരിച്ചു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാഭരണവും പലവകയും

2053-00-800-98—ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്—ധനസഹായം

സംസ്ഥാനത്തെ റവന്യൂ/സർവ്വേ ഉദ്യോഗസ്ഥരുടെ കഴിവ് വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അധികമായി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

2053-00-800-90—സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് വേണ്ടി വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം, വ്യവസായം, ജലവിഭവം, കൃഷി എന്നീ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കണമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സ്കൂൾതലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ എല്ലാ കുട്ടികൾക്കും നീന്തൽപരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2053-00-800-91—പൊതു മുതൽ സംരക്ഷണം—കേരള ഭൂബാങ്ക് പ്രോജക്ട്

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ അവസാനിപ്പിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന കേരള ഭൂബാങ്ക് പ്രോജക്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 2.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2053-00-093-99-34—മറ്റ് ചെലവുകൾ

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും അവർക്ക് ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാകുന്നുണ്ട് എന്ന് സമിതി മനസിലാക്കുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകൾക്കായി 18,00,000 രൂപ ചെലവാകുന്നുണ്ട്. ഗോൾഫ് കോഴ്സിനുള്ള ശമ്പളവും, ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ജില്ലകളിൽ അപ്രതീക്ഷിതവും അടിയന്തരവുമായി വരുന്ന പൊതു ചെലവുകൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വകുപ്പ് മന്ത്രിമാർ എന്നിവരുടെ പൊതുജനസമ്പർക്ക പരിപാടി തുടങ്ങിയവയ്ക്ക് ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കേണ്ടത്. ആയതിനാൽ, ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ കൂടി വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-201-89—1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ താൽക്കാലിക നിയന്ത്രണ ചെലവ് (നോൺ പ്ലാൻ)

ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമി വിതരണം ചെയ്യുന്ന കാലഘട്ടംവരെയും, പൊതുകാര്യത്തിന് ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം റിസർവ്വ് ചെയ്യപ്പെടുന്നത് സ്ഥായിയായും സംരക്ഷിക്കുന്ന ചെലവ്, കർഷക തൊഴിലാളികൾക്ക് പതിച്ച് നൽകുന്നത് വരെയുള്ള ചെലവ്, സർവ്വേ നടത്തുന്നതിനുള്ള ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്താൻ സമിതി ശുപാർശ ചെയ്തു.

3475-00-201-90—<u>കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന്-മറ്റ് ചെലവുകൾ (നോൺ പ്ലാൻ)</u>

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം വഹിക്കേണ്ടി വന്ന ജൻമിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും, മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. പ്രതിമാസം 1500 രൂപ പാവപ്പെട്ട മുൻജൻമിമാർക്ക് ഈ ശീർഷകത്തിൽ നിന്നും പെൻഷനായി നൽകിവരുന്നു. ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം)</u>

ലക്ഷക്കണക്കിന് തീർത്ഥാടകർ എല്ലാവർഷവും എത്തിച്ചേരുന്ന ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

2250-00-800-99—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കുളങ്ങളും കാവുകളും ആൽത്തറകളും സംരക്ഷിക്കുന്നതിനായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി സുപാർശ ചെയ്തു.

### മലബാർ ദേവസ്വം ബോർഡ്

2250-00-103-87-31—<u>സഹായധനം, ശമ്പളം</u>

2250-00-103-87-36—<u>സഹായധനം, ശമ്പളേതരം</u>

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 5 അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളുടെ കീഴിൽ 1300-ൽപ്പരം ക്ഷേത്രങ്ങളുണ്ട്. ഈ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിനും, ഔദ്യോഗിക ആവശ്യങ്ങൾക്കും ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിനും ഓരോ ജീപ്പ് വാങ്ങുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**ബോർഡ് ഓഫീസുകൾക്കുള്ള കെട്ടിട നിർമ്മാണം**

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷൻ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിനായി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**കേസ് നടത്തിപ്പിനുള്ള ഗ്രാന്റ്**

മലബാർ ദേവസ്വം ബോർഡ് കക്ഷിയായുള്ള ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഡിവിഷൻ തിരിച്ച് രണ്ട് സ്റ്റാന്റിംഗ് കോൺസൽമാരെയും, പയ്യന്നൂർ, ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാന്റിംഗ് കോൺസൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സമിതി മനസിലാക്കുന്നു. മറ്റ് സബ് കോടതികളിലും സ്റ്റാന്റിംഗ് കോൺസൽമാരെ നിയോഗിക്കേണ്ടതുണ്ട്. ആയതിലേക്കുള്ള ചെലവിനായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള ഗ്രാന്റ്**

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളകുടിശ്ശിക എന്നിവ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ടി ഇനത്തിൽ 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2250-00-800-99—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും, ആൽത്തറകളുടെയും, കുളങ്ങളുടെയും സംരക്ഷണം</u>

മലബാർ ദേവസ്വം ബോർഡിലെ മിക്ക ക്ഷേത്രങ്ങളിലെയും കുളങ്ങൾ മതിയായ സംരക്ഷണം ലഭിക്കാതെ നാശോൻമുഖമായിക്കൊണ്ടിരിക്കുകയാണെന്ന് സമിതി മനസിലാക്കുന്നു. മലബാർ പ്രദേശത്തെ മുഴുവൻ ക്ഷേത്രക്കുളങ്ങളുടെയും സംരക്ഷണം ഏറ്റെടുക്കുന്നതിന് ഒരു പദ്ധതി അത്യാവശ്യമാണ്. ഈ ഇനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2250-00-103-86—<u>ആചാര സ്ഥാനീയർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്</u>

ഉത്തര മലബാറിലെ ആചാര സ്ഥാനീയർ, കോലധാരികൾ എന്നിവർക്ക് മാസ അലവൻസായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ആയത് 3 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സമിതി യോഗം വൈകുന്നേരം 4.15-ന് പിരിഞ്ഞു.

## 2012 മേയ് മാസം 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-II 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയായ ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, ,,

3. ശ്രീ. സി. കെ. നാണു, എം.എൽ.എ.

4. ,, എ. പ്രദീപ്കുമാർ, ,,

5. ,, പാലോട് രവി, ,,

6. ,, എൻ. ഷംസുദ്ദീൻ, ,,

7. ,, വി. എസ്. സുനിൽ കുമാർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി

2. ,, കെ. പ്രിയദർശനൻ, ഡെപ്യൂട്ടി സെക്രട്ടറി

3. ,, രാജു, വൈ., അണ്ടർ സെക്രട്ടറി.

കരട് റിപ്പോർട്ടിലെ 'വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം' സംബന്ധിച്ച ഖണ്ഡിക പരിഗണിച്ച സമിതി, പാലക്കാട് ജില്ലയിൽ 16 വില്ലേജുകളിൽ പൈലറ്റ് പ്രോജക്ടായി ഈ സംവിധാനം നടപ്പിലാക്കുന്നതിന് എത്ര രൂപ വകകൊള്ളിച്ചിട്ടുണ്ട്, എത്ര രൂപ ചെലവാക്കിയിട്ടുണ്ട് എന്നതിന്റെ കണക്ക് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറൈസ് ചെയ്ത് താലൂക്ക് ഓഫീസുമായും കളക്ടറേറ്റുമായും ഓൺ ലൈൻ ആയി ബന്ധിപ്പിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പാക്കിയെങ്കിലും കമ്പ്യൂട്ടറുകൾ ഉപയോഗിക്കപ്പെടാതെ നശിച്ചുപോകുന്നുവെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു. റീ സർവ്വെ പൂർത്തിയാക്കിയ 557 വില്ലേജുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ തുക സംബന്ധിച്ച വിശദവിവരവും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

തൃശ്ശൂരിൽ കൈപ്പാടത്ത് ഗ്രൂപ്പ് അനധികൃതമായി ഭൂമി കൈവശം വച്ചതുമായി ബന്ധപ്പെട്ട കേസിന്റെ വിശദവിവരം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടെയും സംരക്ഷണം എന്ന ഹെഡ്ഡിന്റെ ചർച്ചാവേളയിൽ ആവശ്യപ്പെട്ടതിൻപ്രകാരം, കുളങ്ങളുടെയും കാവുകളുടെയും എണ്ണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

കരട് റിപ്പോർട്ട് താഴെപ്പറയുന്ന ഭേദഗതികളോടെ സമിതിയോഗം അംഗീകരിച്ചു.

ഖണ്ഡിക 7 താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്തു:

"സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ജിർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഉടനടി പുനരുദ്ധരിക്കണമെന്നും സംസ്ഥാനത്തെ ഓരോ വില്ലേജിനും ഓരോ വില്ലേജ് ഓഫീസ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും, ഒരു കെട്ടിടത്തിൽ പല വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നത് ഒഴിവാക്കണമെന്നും വില്ലേജ് ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്നും സമിതി ശുപാർശ ചെയ്തു."

കരട് റിപ്പോർട്ടിലെ 16-ാമത് ഖണ്ഡികയിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ഏകോപനമുണ്ടാക്കേണ്ട വകുപ്പുകളുടെ ലിസ്റ്റിൽ ജലവിഭവ വകുപ്പിനെ കൂടി ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

കരട് റിപ്പോർട്ടിലെ ശബരിമല മാസ്റ്റർപ്ലാൻ സംബന്ധിച്ച ഖണ്ഡികയിൽ "കൂടുതൽ തുക അനുവദിക്കുക" എന്ന സ്ഥാനത്ത് "10 കോടി അനുവദിക്കുക" എന്ന് ചേർക്കാൻ സമിതി തീരുമാനിച്ചു.

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 5 അസിസ്റ്റന്റ് കമ്മീഷണർ ഓഫീസുകളുടെകീഴിൽ 1300-ൽപ്പരം ക്ഷേത്രങ്ങളുണ്ട്. ഈ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിനും ഔദ്യോഗികമായ ആവശ്യങ്ങൾക്കും ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിനും ഓരോ ജീപ്പ് വാങ്ങുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു എന്ന ഖണ്ഡിക കൂടി ചേർക്കാൻ സമിതി ശുപാർശ ചെയ്തു.

കംഫർട്ട് സ്റ്റേഷൻ വിശ്രമ മന്ദിര നിർമ്മാണം എന്നിവ സ്ഥാപിക്കുന്നതിന് "ആവശ്യമായ തുക അനുവദിക്കണമെന്നത്" "പത്ത് കോടി കൂടി വകയിരുത്തണമെന്ന്" എന്നാക്കി മാറ്റാൻ സമിതി തീരുമാനിച്ചു.

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-II-ന്റെ 2011 ജൂൺ 28 മുതൽ 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 12.45-ന് പിരിഞ്ഞു.

## 2012 ജൂലൈ 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-II 2012 ജൂലൈ മാസം 11-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.25-ന് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. ബാബു. എം. പാലിശ്ശേരി ,,
3. ശ്രീ. സി. കെ. നാണു ,,
4. ശ്രീ. പാലോട് രവി ,,
5. വി. പി. സജീന്ദ്രൻ, ,,
6. ശ്രീ. എൻ. ഷംസുദ്ദീൻ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി കെ. ബി. വൽസലകുമാരി, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്
2. ശ്രീ. റ്റി. ഒ. സൂരജ്, ലാന്റ് റവന്യൂ കമ്മീഷണർ
3. ശ്രീമതി ശ്രീകല. എസ്. അഡീഷണൽ സെക്രട്ടറി, റവന്യൂ
4. ശ്രീമതി എസ്. കെ. രാജലക്ഷ്മി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീ. കെ. ശിവാനന്ദൻ, ഡയറക്ടർ (ടെക്നിക്കൽ) ഫിനാൻസ് & റവന്യൂ വകുപ്പ്
6. ശ്രീമതി എൽ. ഗീത, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. വി. ആർ. രാജൻ, ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്
8. ശ്രീമതി ഗീത. എ, അസിസ്റ്റന്റ് കമ്മീഷണർ, ലാന്റ് റവന്യൂ വകുപ്പ്
9. ശ്രീ. ആർ. ഷജിന്ദ്രൻപിള്ള, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്
10. ശ്രീ. ജി. അനിൽകുമാർ, അണ്ടർ സെക്രട്ടറി, റവന്യൂ വകുപ്പ്

സമിതിയുടെ സാധൂകരണത്തിനുള്ള എസ്.ആർ.ഒ. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് എന്നിവ സമിതി പരിഗണിച്ചു.

I. 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

(ഫ.നം. 4874/സബ്സിബി1/2012/ലെജി)

ശുപാർശ നമ്പർ 3

പ്രസ്തുത ശുപാർശയിൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി താഴെപ്പറയുന്ന അധിക വിവരം ആരായാൻ നിർദ്ദേശിച്ചു.

വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് പണം അനുവദിച്ചിരിക്കുന്നത് എന്നതിന്റെ ലിസ്റ്റ് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുള്ള പല വില്ലേജ് ഓഫീസുകളിലും, ആയത് പ്രവർത്തനക്ഷമമല്ല എന്ന പരാതി നിലവിലുണ്ട് എന്ന് സമിതി അഭിപ്രായപ്പെടുകയും, കമ്പ്യൂട്ടർ ലഭ്യമായിട്ടുള്ള വില്ലേജ് ഓഫീസുകളിലെയും കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കമ്പ്യൂട്ടറുകളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എടുത്തിരിക്കുന്ന ഏജൻസിയുടെ മേൽനോട്ടത്തിലുള്ള കമ്പ്യൂട്ടറുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട് എന്നതിനാൽ ടി ഏജൻസിയുടെ കോൺട്രാക്ടിൽ ഉൾപ്പെടാത്ത എല്ലാ വില്ലേജ് ഓഫീസുകളിലെയും കമ്പ്യൂട്ടറുകളെ AMC-യിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 17 & 18

പ്രസ്തുത ശുപാർശകളിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 2

പ്രസ്തുത ശുപാർശയിൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി, നിലവിൽ വില്ലേജ് ഓഫീസുകളിലെ ലാന്റ് ഫോൺ പ്രവർത്തനക്ഷമമാണോയെന്നും ഫോൺ ബിൽ തുകയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 16 & 15

പ്രസ്തുത ശുപാർശകളിൽ ലഭ്യമായ മറുപടി സമിതി അംഗീകരിച്ചു.

ശുപാർശ നമ്പർ 19

പ്രസ്തുത ശുപാർശയിൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി ഐ.എൽ.ഡി.എം. ഒരു ദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കി മാറ്റുന്നതിന് വിപുലമായ ആശയങ്ങൾ ഉൾപ്പെടുത്തണമെന്നത് വിലയിരുത്തി. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി കേരളത്തിൽ വയർലസ് സെറ്റുകൾ വിതരണം ചെയ്തതിന്റെ എണ്ണം, വാങ്ങിയതിന്റെ നടപടിക്രമം, വയർലസ് സെറ്റുകൾ പ്രവർത്തിക്കാതിരുന്നതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദീകരണം സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

ശുപാർശ നമ്പർ 45

പ്രസ്തുത ശുപാർശയിൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന് സുഗമമായ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ ഉൾപ്പെടെയുള്ള നവീനമായ എല്ലാ ഉപകരണങ്ങളും വാങ്ങുന്നതിന് സമിതി നിർദ്ദേശിച്ചു.

II. 2006-2007-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫ.നം. 12082/സബ്സി.ബി1/06/ലെജി.)

ശുപാർശ നമ്പർ 4

പ്രസ്തുത ശുപാർശയിൽ ലഭ്യമായ മറുപടി പരിഗണിച്ച സമിതി താഴെപ്പറയുന്ന അധികവിവരം ആരായാൻ നിർദ്ദേശിച്ചു:

ലാന്റ് ബോർഡ് മിച്ചഭൂമിയായി പ്രഖ്യാപിച്ച കേസുകളിൽ ലാന്റ് ബോർഡ് ഏറ്റെടുത്ത തിരുവനന്തപുരം പള്ളിപ്പുറം വില്ലേജിലെ ഏകദേശം 26 ഏക്കറോളം വരുന്ന ഭൂമിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ അവസ്ഥ സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

III. സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട്

(ഫ.നം. 4307/സബ്സി.ബി1/2011/ലെജി.)

ശുപാർശ നമ്പർ 37, 42, 45, 46 അംഗീകരിച്ചു.

ശുപാർശ നമ്പർ 38

സുനാമി ബാധിതരേയും മറ്റ് അപകട മേഖലയിൽ താമസിപ്പിക്കുന്നവരേയും പുനരധിവസിപ്പിക്കുന്ന പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് നടപടി, പ്രത്യേകിച്ച് കൊല്ലം ജില്ലയിൽ സ്വീകരിക്കണമെന്നും പണികൾ ഏകോപിപ്പിച്ച് തീർക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കളക്ടറേയോ മറ്റ് ബന്ധപ്പെട്ടവരേയോ ചുമതലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

IV. 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും നിർത്തലാക്കൽ ആക്ട് എസ്.ആർ.ഒ.നമ്പർ 18/2012 സാധൂകരിച്ചു.

V. ഭൂമി പതിവിനുള്ള അപേക്ഷാഫോറം ഭേദഗതി എസ്.ആർ.ഒ.നമ്പർ 53/2012 സാധൂകരിച്ചു.

സമിതിയുടെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൽ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

## 2012 ജൂലൈ 12-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെയും സംയുക്തയോഗം 2012 ജൂലൈ 12 വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം നിയമസഭാ കോംപ്ലക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെയും V-ന്റെയും എക്സ്-ഒഫീഷ്യോ അംഗം ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ചെയർമാൻ, ബഹു. മരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ എം. പി. അബ്ദുസ്സമദ് സമദാനി, എം. എൽ. എ
2. ,, വി. ചെന്താമരാക്ഷൻ, ,,
3. ,, മുല്ലക്കര രത്നാകരൻ, ,,
4. പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
5. ശ്രീ. വി. ഡി. സതീശൻ, ,,
6. ,, എം. പി. വിൻസെന്റ്, ,,
7. ,, ബാബു എം. പാലിശ്ശേരി, ,,
8. ,, എ. പ്രദീപ്കുമാർ, ,,
9. ,, ജോസ് തെറ്റയിൽ, ,,
10. ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ,,
11. ശ്രീമതി കെ. കെ. ലതിക, ,,
12. ശ്രീ. കെ. മുരളീധരൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. പി. ജോയി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്.

3. ശ്രീ. ആർ. കെ. അഗർവാൾ, കമ്മീഷണർ ഓഫ് ടാക്സസ്.

4. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

5. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

6. ശ്രീ. എസ്. പത്മനാഭപിള്ള, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.

സമിതി 2012-ലെ കേരള ധനകാര്യ ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിച്ച് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For clause 1, the following clause shall be substituted, namely:—

"1. *Short title and commencement*.—(1) This Act may be called the Kerala Finance Act, 2012.

(2) Save as otherwise provided in this Act, sub-section (2) of section 8 shall come into force at once and the remaining provisions of this Act shall be deemed to have come into force on the 1st day of April, 2012." .

*Clause 7*

(1) The entries against Sl. No. 3 under column (2) of the table under clause (a) of sub-section (1) of section 6 of the Kerala Value Added Tax Act, 2003, proposed to be substituted by sub clause (2) (a) (i), for the words "such as" the word "excluding" shall be substituted.

(2) For sub-clause (2) (a) (vi) the following shall be substituted;

"(vi) for the fourth proviso, the following proviso shall be substituted, namely:—

"Provided also that in respect of works contracts executed,—

(i) under the Sampurna Gramin Rosghar Yojana or the Beneficiary Committees using the Member of Parliament/Member of Legislative Assembly Funds or Natural Calamity Relief Funds or Sarva Siksha Abhiyan Funds or Funds of Local Authorities or Command Area Development Authority and OFD Works through Beneficiary Farmers' Associations or Karshaka Samithy where the total amount in respect of individual contract does not exceed ten lakhs rupees, the tax payable under Clause (f) above shall be five per cent;

(ii) under the Jalanidhi Project (KRWSA), the tax payable under clause (f) above shall be four per cent irrespective of the total amount in respect of the individual contract;

and the Beneficiary Committees shall be entitled to receive payment even without taking registration under the Act.";".

(3) In sub-clause (2) (a) (vii) for the words "fourteen numbers of subsidiary canteens", the words "one subsidiary canteen each" shall be substituted.

(4) For sub-clause (5) the following shall be substituted;

"(5) in section 12,—

(a) in sub-section (1) in the third proviso, for the words "four per cent", the words "five per cent" shall be substituted;

(b) to sub-section (2), the following proviso shall be added, namely:—

"Provided that notwithstanding anything contained in this Act, a manufacturer of medicines who have opted for payment of compounded tax under clause (e) of section 8 shall be eligible for special rebate of the tax paid under sub-section (2) of section 6 of this Act on the purchase of raw materials with effect on and from the 1st day of April, 2005.";".

(5) After sub-clause (12)(c)(ix) the following sub-item shall be inserted as sub-item (x) and the remaining sub-items shall be renumbered accordingly;

"(x) in serial number 83, after item 59 in column (1) and the entries against it in columns (2) and (3), the following item entry and Note shall, respectively, be inserted, namely:—

"60. Machinery for Photography *** "

"*Note*:—This entry shall be deemed to have come into force on the 1st day of July, 2006 and ceased to operate on the 23rd day of October, 2006.";".

*Clause 8*

(1) After sub-clause (1) the following sub-clauses shall be inserted namely:—

"(2) after sub-section (2), the following sub-section shall be inserted, namely:—

"(2A) There shall be levied and collected from the Kerala State Beverages (Manufacturing and Marketing) Corporation Limited, a cess at the rate of one per cent on the tax payable by them under clause (b) of sub-section (1) of

section 5 of the Kerala General Sales Tax Act, 1963 (15 of 1963) to be called a Medical Cess to fulfill the commitment of the Government to provide generic medicine free of cost to the patients of the Government Hospitals, who are not income tax payers. The cess so collected shall be in addition to the cess collected under sub-section (1).";

(3) for sub-section (3), the following sub-section shall be substituted, namely:—

"(3) The Government may after due appropriation made by the Legislature by-law in this behalf utilise such sum of money of *Social Security Cess* and the *Medical Cess* for the purposes specified in sub-section (1) or in sub-section (2A), as the case may be.";".

(2) Sub-clause (2) shall be renumbered as sub-clause (4) and the entries thereon shall be substituted with the following entries:—

"(2) in sub-section (4),—

(i) the words, figures and brackets "section 30 of the Kerala Value Added Tax Act, 2003 (30 of 2004) and" shall be omitted;

(ii) for the words, figure and bracket "sub-section (1)", the words, figures, letter and bracket "sub-sections (1) and (2A)" shall be substituted;".

(3) Sub-clause (3) shall be renumbered as sub-clause (5).

തുടർന്ന് സമിതി കേരളത്തിലെ സ്വർണ്ണവ്യാപാര മേഖലയിലെ നികുതിഘടന, വരുമാനം, വാർഷിക വിറ്റുവരവ് എന്നിവ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്വർണ്ണത്തിന്മേലുള്ള നികുതിനിരക്ക് കൂടുതലാണെന്നും ആയതിനാൽ നികുതിവെട്ടിപ്പ് വ്യാപകമാണെന്നും, നികുതിനിരക്ക് വർദ്ധിപ്പിച്ചെങ്കിലും ഗവൺമെന്റിന് വരുമാനം കൂടുന്നില്ലെന്നും സമിതി വിലയിരുത്തി. കഴിഞ്ഞ ഒരു വർഷംകൊണ്ട് സ്വർണ്ണത്തിനുണ്ടായിരിക്കുന്ന വിലവർദ്ധനവിന് ആനുപാതികമായി ടേൺ ഓവറിലും ഇതിൽനിന്നുള്ള നികുതി വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നതെന്നും അയൽസംസ്ഥാനങ്ങളിൽ നികുതി 1% ആയതിനാൽ കേരളത്തിലെ സ്വർണ്ണ വ്യാപാരം അയൽസംസ്ഥാനങ്ങളിലേക്ക് മാറിയതോ, നികുതിവെട്ടിപ്പോ ഇതിനു കാരണമാകാമെന്നും ഇത് സംബന്ധിച്ച് അടിയന്തിരമായി ഒരു പഠനം നടത്തേണ്ടതാണെന്നും ഈയിനത്തിൽ ഇപ്പോൾക്കിട്ടുന്ന വരുമാനത്തേക്കാൾ കൂടുതൽ വരുമാനം ലഭിക്കുവാൻ ഈ ശൃംഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും സമിതി തുടർന്നഭിപ്രായപ്പെട്ടു.

ആയതിനാൽ സംസ്ഥാനത്തെ സ്വർണ്ണവ്യാപാരത്തിൽ നിന്നുള്ള നികുതി വരുമാനം കുറയുന്നത് സംബന്ധിച്ച് വസ്തുനിഷ്ഠവും വിശദവുമായ പഠനം നടത്തേണ്ടതാണെന്നും ഇതിനായി അയൽസംസ്ഥാനങ്ങളിലെ സ്വർണ്ണത്തിന്മേലുള്ള നികുതിനിരക്കും ഘടനയും നികുതി ഈടാക്കുന്ന രീതിയും, കേരളത്തിൽ സ്വർണ്ണത്തിന് കഴിഞ്ഞ വർഷങ്ങളിലെ വിലവർദ്ധനവിന് അനുസരിച്ച് ടേൺ ഓവറിലും നികുതി വരുമാനത്തിലും ഉണ്ടായ വർദ്ധനവ്, മുൻകാലങ്ങളിലെ അപേക്ഷിച്ച് ആനുപാതികമായി ടേൺ ഓവറിലും നികുതിവരുമാനത്തിലും വർദ്ധനവ് വന്നില്ലെങ്കിൽ ഇതിനുകാരണം സ്വർണ്ണവ്യാപാരം സംസ്ഥാനത്ത് നിലനിർത്തി നികുതിവരുമാനം കൂട്ടുന്നതിനും നികുതിവെട്ടിപ്പ് ഒഴിവാക്കുന്നതിനും പുതിയ നികുതിഘടനയ്ക്കുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷനു കീഴിൽ പഠനംനടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നികുതിവകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്, സർവ്വശ്രീ ജോസ് തെറ്റയിൽ, വി. ചെന്താമരാക്ഷൻ, മുല്ലക്കര രത്നാകരൻ, ബാബു എം. പാലിശ്ശേരി, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്ക് 1.00-ന് അവസാനിച്ചു.

## 2012 നവംബർ 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2012 നവംബർ മാസം 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആരോഗ്യവും കുടുംബക്ഷേമ വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. ശിവകുമാറും സന്നിഹിതനായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായി:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. സി. കെ. നാണു, ,,
3. ശ്രീ. എ. പ്രദീപ്കുമാർ, ,,
4. ശ്രീ. പാലോട് രവി, ,,
5. ശ്രീ. എൻ. ഷംസുദ്ദീൻ, ,,
6. ശ്രീ. വി. എസ്. സുനിൽ കുമാർ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. സി. ജോസഫ് കുട്ടി, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സി. ജോസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. രാജു, വൈ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടി. ഒ. സൂരജ്, സെക്രട്ടറി (ഇൻ-ചാർജ്), റവന്യൂ വകുപ്പ്.
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പി.ഡബ്ല്യിയു.ഡി.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് ലഭ്യമായ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ തുടങ്ങിയവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു:

1. കേരള ഭൂപരിഷ്കരണ നിയമം ചട്ടം 29(1) പ്രകാരം മിച്ചഭൂമിയുടെ അകാലകൈമാറ്റം സാധൂകരിച്ച് നൽകാൻ സർക്കാരിൽ നിക്ഷിപ്തമായ വിവേചനാധികാരം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് [1970-ലെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങളിലെ ചട്ടം 29(1)-ന്റെ കരടുഭേദഗതി]

(ഫയൽ നമ്പർ 637/സബ്.സി.ബി.1/2012/ലെജി.)

പതിച്ചുകിട്ടുന്ന ഭൂമി 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല എന്ന വ്യവസ്ഥ 20 വർഷമാക്കിയതിനുശേഷം കുറെ ഭൂമി അന്യാധീനപ്പെട്ടുപോയതായി സമിതി അഭിപ്രായപ്പെട്ടു. ഇപ്രകാരം അന്യാധീനപ്പെട്ട ഭൂമിയുടെ കണക്ക് റവന്യൂ വകുപ്പിന്റെ കയ്യിലുണ്ടോ എന്നും, 12 വർഷം എന്നുള്ളത് 20 വർഷമാക്കാനുള്ള കാരണമെന്തെന്നും സമിതി ആരാഞ്ഞു.

അന്യാധീനപ്പെട്ടുപോയ ഭൂമിയുടെ കണക്ക് ശേഖരിച്ച് സമിതിക്ക് ലഭ്യമാക്കാമെന്ന് യോഗത്തിൽ പങ്കെടുത്ത റവന്യൂ വകുപ്പ് സെക്രട്ടറി അറിയിച്ചു. 2009-ലെ വിജ്ഞാപനപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലാവധി 20 വർഷമാക്കി ഉയർത്തിയിരുന്നു. അത്യാവശ്യഘട്ടങ്ങളിൽ സർക്കാരിന് അകാലഭൂമി കൈമാറ്റം സാധൂകരിച്ച് നൽകാൻ ഒറിജിനൽ ആക്ടിലെ സെക്ഷൻ 29(1) പ്രകാരം മുൻപ് അധികാരമുണ്ടായിരുന്നു. 2009-ലെ അമന്റ്മെന്റോടുകൂടി കൈമാറ്റ കാലാവധി 20 വർഷമാക്കിയപ്പോൾ അതിനോടൊപ്പമുണ്ടായിരുന്ന സർക്കാരിന്റെ വിവേചനാധികാരവും എടുത്തുകളയുകയുണ്ടായി. അത്യാവശ്യഘട്ടങ്ങളിൽ കൈവശക്കാരന് ഭൂമി കൈമാറ്റം ചെയ്യാൻ അനുമതി കൊടുക്കാനുള്ള സർക്കാരിന്റെ വിവേചനാധികാരം പുനഃസ്ഥാപിക്കുന്നതിനാണ് പ്രസ്തുത കരട് ചട്ടം സമിതി മുമ്പാകെ വന്നിട്ടുള്ളതെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) സമിതി മുമ്പാകെ വെളിപ്പെടുത്തി.

കാസർകോഡ് തീമിരി വില്ലേജിലെ 125-ൽപ്പരം കർഷകത്തൊഴിലാളികളുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ. ടി. വി. കുഞ്ഞിരാമൻ, ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ. മുഖേന സമർപ്പിച്ച പരാതി റവന്യൂ വകുപ്പ് സെക്രട്ടറിക്ക് കൈമാറുകയും സമിതി ഇതു സംബന്ധിച്ച വിശദീകരണം തേടുകയും ചെയ്തു.

സമിതിയുടെ പരിഗണനയിലിരിക്കുന്ന കരട് ചട്ടം അംഗീകരിച്ചതിന് ശേഷം അപേക്ഷ കൊടുത്താൽ ഗവൺമെന്റ് അനുമതി വാങ്ങി കൈമാറ്റം നടത്താവുന്നതാണ് എന്ന് റവന്യൂ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

2. കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം വീണ്ടും മാറ്റംവരുത്തിയത് സംബന്ധിച്ച്:

(ഫയൽ നമ്പർ 11633/സബ്.സി.ബി.1/2011/ലെജി.)

പ്രസ്തുത കരട് ചട്ടത്തിന്റെ ഫാറം നമ്പർ 20-ൽ ഒരു തെറ്റ് വന്നിട്ടുണ്ട് എന്ന് സമിതി അഭിപ്രായപ്പെട്ടു.

നിയമവകുപ്പിൽ നിന്ന് നൽകുമ്പോൾ ആദ്യത്തെ പ്രൊപ്പോസൽ ഇങ്ങനെയായിരുന്നില്ല എന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി. സമിതിക്ക് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന ഫാറം നമ്പർ 20-ന്റെ അവസാനഭാഗത്തുള്ള നോട്ടിൽ,

"The lands assigned under Section 96 of the Kerala Land Reforms Act, 1963 (1 of 1964) shall, subject to the provisions of sub-rules (2) to (5) of rule 29 of the Kerala Land Reforms (Ceiling) Rules, 1970, be heritable but not alienable otherwise" എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന് പകരമായി,

"The land assigned under Section 96 of the Kerala Land Reforms Act, 1963 (1 of 1964) shall not, subject to the provisions of sub-rules (2) to (5) of rule 29 of the Kerala Land Reforms (Ceiling) Rules, 1970, be alienable for a period of 20 years from the date of assignment or for the period during which the change created under sub-section (3) of section 97 of the Act subsists, whichever is later" എന്നാണ് വരേണ്ടത് എന്നും ഫാറം നമ്പർ 20-ൽ ഫോട്ടോഗ്രാഫ് അഫിക്സ് ചെയ്യുന്ന സ്ഥലത്ത് 'Pattadar' എന്ന വാക്കിന് വിശദീകരണമായി ഫാറത്തിന്റെ അവസാനഭാഗത്ത്,

" Joint photograph of husband and wife in the case of married person" എന്ന് കൂടി ചേർക്കേണ്ടതാണ് എന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

മേൽ സൂചിപ്പിച്ച മാറ്റങ്ങളോടുകൂടി കരട്ചട്ടം സമിതി അംഗീകരിച്ചു.

3. കേരള ലാന്റ് കൺസർവൻസി ആക്ട് 1957-ലെ സെക്ഷൻ 15 പ്രകാരം സർക്കാരിന് നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ച് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് കൂടി ജില്ലാ കളക്ടർക്കുള്ള അധികാരം നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 6554/സബ്.സി.ബി.1/2012/ലെജി.)

പ്രസ്തുത കരട്ചട്ടം സമിതി അംഗീകരിച്ചു.

4. കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് കരട് ഭേദഗതി

(ഫയൽ നമ്പർ 3819/സബ്.സി.ബി.1/2012/ലെജി.)

ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള റേഷ്യോ ആകെയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ $^{1}/_{5}$ ആണ്. പക്ഷെ കാലാകാലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് നടന്നപ്പോൾ ഹയർ ഗ്രേഡ് ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണവും ചേർത്തുകൊണ്ട് ആകെ ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണത്തിനാണ് $^{1}/_{5}$ അനുപാതം നിശ്ചയിച്ചിരുന്നത്. ഇതിനെതിരെ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷനിൽ മേൽ ഹയർ ഗ്രേഡ് ഡെപ്യൂട്ടി കളക്ടർമാരെ ഒഴിച്ച് നിർത്തിക്കൊണ്ട് ബാക്കിയുള്ള ഡെപ്യൂട്ടി കളക്ടർമാരുടെ വേക്കൻസികൾ മാത്രം സബ്സ്റ്റാന്റീവ് വേക്കൻസിയായി കരുതി അതിന്റെ $^{1}/_{5}$ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തിയാൽ മതിയെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത്. ലാന്റ് റവന്യൂ വകുപ്പിലെ വലിയ ഒരു വിഭാഗം ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുന്നതാണ് പ്രസ്തുത വിധി. ആയതിനാൽ ആകെ ഡെപ്യൂട്ടി കളക്ടർമാരുടെ വേക്കൻസിയുടെ $^{1}/_{5}$ ഡയറക്ട് റിക്രൂട്ട്മെന്റിന് വേണ്ടി റിസർവ്വ് ചെയ്യുന്നതിനുള്ള ഭേദഗതിയാണ് ഉദ്ദേശിക്കുന്നത് എന്ന് റവന്യൂ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) സമിതി മുമ്പാകെ വെളിപ്പെടുത്തി.

ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് ആക്ട് ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന് സമിതി ആരാഞ്ഞു. കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസ്-1963 അമന്റ് ചെയ്താൽ മതിയാകും എന്ന് റവന്യൂ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

ഈ വിഷയത്തിൽ നിയമവകുപ്പിന്റെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടന്ന അവസാന നിയമനത്തിന് ശേഷമുള്ള നിയമനങ്ങൾക്ക് പ്രസ്തുത ചട്ടം ബാധകമാക്കാമെന്ന് വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) അഭിപ്രായപ്പെടുകയും, കരട് ചട്ടം സമിതി അംഗീകരിക്കുകയും ചെയ്തു.

5. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4874/സബ്.സി.ബി.1/2011/ലെജി.)

ശുപാർശ നമ്പർ 7, 8, 9, 10, 11, 12, 13, 14

പ്രസ്തുത ശുപാർശകൾക്ക് ലഭ്യമായ മറുപടികൾ സമിതി അംഗീകരിച്ചു.

6. കുറ്റാലം സന്ദർശനം സംബന്ധിച്ച്

(ഫയൽ നമ്പർ 10926/സബ്.സി.ബി.1/2006/ലെജി.)

തമിഴ്നാട് സംസ്ഥാനത്ത് തിരുനെൽവേലി ജില്ലയിൽ കുറ്റാലം വില്ലേജിലെ 56.68 ഏക്കർ സ്ഥലവും കൊട്ടാരവും കേരള സർക്കാരിന് കൈമാറിയിരുന്നു. ഇനിയും കുറച്ചുസ്ഥലം കൈമാറ്റം ചെയ്തുകിട്ടാൻ ബാക്കിയുണ്ട്. തമിഴ്നാട്, കേരള സർക്കാരുകളുടെ സംയുക്ത പരിശോധനയിൽ ഉദ്ദേശം 8 സെന്റിന്റെ കുറവ് വന്നതായി കണ്ടിരുന്നു. ഈ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും ഈ കെട്ടിടത്തിന്റെ വിനിയോഗത്തെക്കുറിച്ചും ചർച്ച നടന്നതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ഈ സ്ഥലം ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തണമെന്നുള്ള ഒരു നിലപാടെടുത്തിരുന്നു. കൊട്ടാരത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും തേക്കുമരങ്ങളും മാവിൻതോപ്പും ഉൾപ്പെടുന്ന വൃക്ഷങ്ങളുടെയും പൂർണമായ സംരക്ഷണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരമാണ് നടന്നുവരുന്നത്. ഇതിലേക്കായി വകുപ്പുകളുടെ സുപ്രണ്ടുമാരെ നിയമിച്ചിട്ടുണ്ട്. മുൻ കൊട്ടാരം സൂപ്രണ്ടായ ശ്രീ. വേലായുധ കൈമളിനെ സൂപ്രണ്ടായി നിയമിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ ഗവൺമെന്റ് ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. ടി വസ്തുവിന്റെ വിലയാധാരപ്രകാരം മുൻ ഉടമസ്ഥരുടെ പിൻതുടർച്ചക്കാരിൽ ഒരാളെ സൂപ്രണ്ടായി നിയമിക്കണമെന്ന് വ്യവസ്ഥയുണ്ട്. കൊല്ലം ഡെപ്യൂട്ടി കളക്ടർ കുറ്റാലം കൊട്ടാരവും വസ്തുവകകളും സന്ദർശിച്ച് നടത്തിയ അന്വേഷണത്തിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയും തുടർന്ന് സർക്കാർ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു എന്നും റവന്യൂ വകുപ്പ് സെക്രട്ടറി ഇൻ-ചാർജ് സമിതിയെ അറിയിച്ചു.

ടി വിഷയം സംബന്ധിച്ച നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 2004-2006-ലെ റിപ്പോർട്ട് സമിതി അംഗങ്ങൾക്ക് അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്നും റിപ്പോർട്ട് പരിശോധിച്ചതിനുശേഷം പ്രസ്തുത സ്ഥലം സന്ദർശിക്കാം എന്നും സമിതി തീരുമാനിച്ചു.

താലൂക്ക് ഓഫീസുകളിൽ വാഹനങ്ങളുടെ കുറവ് ഉള്ളതിനാൽ മണൽവാരൽ അടക്കമുള്ള വിഷയങ്ങളിൽ തക്കസമയത്ത് ഇടപെടാൻ കഴിയുന്നില്ലായെന്ന് സമിതി നിരീക്ഷിച്ചു. ഓരോ താലൂക്ക് ഓഫീസിലും രണ്ട് വാഹനമെങ്കിലും നൽകണം എന്ന് സമിതി നിർദ്ദേശിച്ചു. ഇതിനായി ആവശ്യമെങ്കിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

ലാന്റ് റിഫോംസ് ആക്ടിന്റെ 2005-ലെ അമന്റ്മെന്റ് പ്രകാരം മിച്ചഭൂമി കൈവശമുള്ള ആൾ അവിടെ കശുമാവ് തോട്ടം വച്ചുപിടിപ്പിക്കുകയാണെങ്കിൽ അത് മിച്ചഭൂമി അല്ലാതാകുന്ന സ്ഥിതിവിശേഷമുണ്ട്. ഇങ്ങനെ സംഭവിക്കാൻ കാരണമെന്തന്ന് സമിതി ആരാഞ്ഞു.

പ്ലാന്റേഷൻ കോർപ്പറേഷനിലൊക്കെ 1-4-1964 എന്ന തീയതിക്ക് മുന്നിലുള്ള പ്ലാന്റേഷനുകൾക്ക് മാത്രമേ എക്സംപ്ഷൻ നൽകിയിട്ടുള്ളൂവെന്നും രണ്ടാമത്തെ അമെന്റ്മെന്റ് തെറ്റാണ് എന്നും ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം നൽകി കഴിഞ്ഞുവെന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ സമിതിയിൽ വെളിപ്പെടുത്തി.

ലാന്റ് യൂട്ടിലൈസേഷൻ ആക്ട് നടപ്പിൽ വരുത്തേണ്ടത് റവന്യൂ വകുപ്പ് തന്നെയാണെന്നും കെ.എൽ.യു. ഓർഡർ റിപ്പീൽ ചെയ്യരുതെന്നുള്ള വ്യക്തമായ അഭിപ്രായം നൽകിയിട്ടുണ്ട് എന്നും റവന്യൂ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

ലാന്റ് റിഫോംസ് ആക്ടിലെ ക്രൂഷ്യൽ ഡേറ്റ് (1-4-1964) ഒഴിവാക്കികൊണ്ടുള്ള ഒരു അമെന്റ്മെന്റ് വരാൻ പാടില്ല എന്ന് സമിതി അഭിപ്രായപ്പെട്ടു.

സ്വകാര്യഭൂമിയിൽ റീ-സർവ്വേ നടത്തേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു.

സർക്കാർ ഭൂമിമാത്രം റീ-സർവ്വേ ചെയ്യുന്നതിന് സ്വകാര്യഭൂമിയിൽ ഉടമസ്ഥർ ആവശ്യപ്പെട്ടാൻ അവരുടെ ചെലവിൽ സ്ഥലം റീ-സർവ്വേ നടത്താനും തീരുമാനിച്ചിട്ടുണ്ടെന്നും, ഏതെങ്കിലും സ്വകാര്യവ്യക്തി സർക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് പരാതി ലഭിക്കുകയാണെങ്കിൽ, അവിടെ റീ-സർവ്വേ നടത്തി സർക്കാർ ഭൂമി കണ്ടെടുക്കുമെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

റവന്യൂ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞു.

വനഭൂമിയുടെയും റവന്യൂ ഭൂമിയുടെയും അതിർത്തി നിശ്ചയിക്കുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സംബന്ധിച്ച പ്രശ്നങ്ങൾ ധാരാളം ഇപ്പോഴും നിലവിലുണ്ടെന്നും ഈ വിഷയത്തിൽ എല്ലാവരുടെയും സഹകരണത്തോടെ പരിഹാരമുണ്ടാക്കാനുള്ള ശ്രമമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

7. 2010-2011-ലെ മലബാർ ദേവസ്വം ബോർഡിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട്

(ഫയൽ നമ്പർ 2266/സബ്.സി.ബി.1/2011/ലെജി.)

2010-2011-ലെ മലബാർ ദേവസ്വം ബോർഡിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാത്തതിനാൽ പല ക്ഷേത്രങ്ങൾക്കും അനുവദിച്ച മുഴുവൻ

തുകയും നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യം സംബന്ധിച്ച് ട്രസ്റ്റിമാരുടെ അസോസിയേഷനുകളുടെ ഒരു യോഗം വിളിച്ചുചേർക്കാനും നടപടി സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് എക്സ്-ഒഫീഷ്യോ അംഗമായ ബഹുമാനപ്പെട്ട ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി അറിയിച്ചു.

റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

## 2012 ഡിസംബർ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2012 ഡിസംബർ മാസം 13-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4.20-ന് നിയമസഭാ കോംപ്ലക്സിലെ 'IV-C' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായി:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ശ്രീ. ബാബു എം. പാലിശ്ശേരി, ,,
3. ശ്രീ. സി. കെ. നാണു, ,,
4. ശ്രീ. പാലോട് രവി, ,,
5. ശ്രീ. എൻ. ഷംസുദ്ദീൻ, ,,
6. ശ്രീ. വി. എസ്. സുനിൽ കുമാർ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജി. കമല വർദ്ധന റാവു, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

സമിതി, 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി:

1. ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. ബാബു എം. പാലിശ്ശേരി, ,,
3. ശ്രീ. സി. കെ. നാണു, ,,

സമിതി യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

## 2013 ഫെബ്രുവരി 14-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II, 2013 ഫെബ്രുവരി മാസം 14-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 12.20-ന് നിയമസഭാ കോംപ്ലക്സിലെ 'III-C' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രിയുമായ ശ്രീ. അടൂർ പ്രകാശിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. ബി. അബ്ദുൾ റസാക്, എം.എൽ.എ.
2. ,, ബാബു എം. പാലിശ്ശേരി, ,,
3. ,, എ. പ്രദീപ്കുമാർ, ,,
4. ,, പാലോട് രവി, ,,
5. ,, സി. കെ. സദാശിവൻ, ,,
6. ,, വി. പി. സജീന്ദ്രൻ, ,,
7. ,, എൻ. ഷംസുദ്ദീൻ, ,,
8. ,, വി. എസ്. സുനിൽ കുമാർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, അഡീഷണൽ സെക്രട്ടറി
2. ,, എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ജി. കമല വർദ്ധന റാവു, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ,, സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

സമിതി "2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ" പരിഗണനയ്ക്കെടുത്തു.

നദികളിൽനിന്ന് മണൽവാരുന്നത് വ്യാപകമായതോടെ അവ വറ്റിവരളുകയും, കരകൾ ഇടിഞ്ഞുപോകുകയും കുടിവെള്ളക്ഷാമം രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുമ്പോഴാണ് ഇത്തരമൊരു ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത് എന്നും, ആയതിനാൽ നദീതീരങ്ങളിൽ നിന്ന് 15m മാറ്റിനിർത്തി മാത്രമേ മണൽവാരൽ പാടുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. പുഴകളിൽ നിന്നും അഴിമുഖത്ത് നിന്നും തുറമുഖ വകുപ്പ് ഡ്രെഡ്ജിംഗ് യന്ത്രം ഉപയോഗിച്ചും, തൊഴിലാളികളെ ഉപയോഗിച്ചും മണൽ വാരുന്ന പ്രക്രിയ ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇങ്ങനെ മണൽവാരുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിനോ തദ്ദേശസ്വയംഭരണ വകുപ്പിനോ യാതൊരു ബന്ധവുമില്ലെന്നും ആയതിനാൽ ഓരോ റവന്യൂ ജില്ലകളിൽപ്പെടുന്ന നദികളിൽനിന്ന് മണലെടുക്കുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന നിബന്ധന പ്രസ്തുത ബില്ലിൽ ചേർക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 2

2-ാം ഖണ്ഡത്തിൽ, (i)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (എ) ഖണ്ഡത്തിൽ "നിയമിക്കുന്ന" എന്ന വാക്കിനുപകരം "ചുമതലപ്പെടുത്തുന്ന" എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

ഖണ്ഡം 3

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന,—

(i) 2 എ വകുപ്പിലെ, (2)-ാം ഉപവകുപ്പിൽ,—

(i) (ii)-ാം ഇനത്തിൽ "അംഗം" എന്ന വാക്കിനുപകരം "കൺവീനർ" എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

(ii) (iv)-ാം ഇനത്തിൽ "കൺവീനർ" എന്ന വാക്കിനുപകരം "അംഗം" എന്ന വാക്ക് ചേർക്കാൻ തീരുമാനിച്ചു.

(2) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കാൻ തീരുമാനിച്ചു:

"(7) സംസ്ഥാന ഉന്നതതല സമിതിയിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്."

(3) 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2ബി വകുപ്പിൽ, "സർക്കാർ നിയമിക്കുന്ന, ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ അഥവാ അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത," എന്ന വാക്കുകൾക്ക് പകരം "സർക്കാർ ചുമതലപ്പെടുത്തുന്ന ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾ ചേർക്കാൻ തീരുമാനിച്ചു.

ഖണ്ഡം 4

4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന,—

(i) (പി) ഖണ്ഡത്തിൽ "സബ് കളക്ടർ അഥവാ" എന്ന വാക്കുകൾ വിട്ടുകളയാൻ തീരുമാനിച്ചു.

(ii) (ക്യു) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കാൻ തീരുമാനിച്ചു.

"(ക്യു) ജില്ലയിലെ രജിസ്റ്റർ ചെയ്ത മണൽ വാരൽ തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ,"

(iii) (ആർ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കാൻ തീരുമാനിച്ചു.

"(ആർ) ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തഹസിൽദാർമാരും മണൽവാരൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികാരിതയുള്ള അഡീഷണൽ തഹസിൽദാർമാരും";

(2) (2)-ാം ഉപഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ, "സബ് കളക്ടർ അഥവാ" എന്ന വാക്കുകൾ വിട്ടുകളയാൻ തീരുമാനിച്ചു.

ഖണ്ഡം 5

5-ാം ഖണ്ഡത്തിലെ (ii)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (ജെ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കാൻ തീരുമാനിച്ചു:

"(ജെ) പ്രസ്തുത പ്രദേശത്തെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽ നിന്നും ജില്ലാ കളക്ടർ നാമിനർദ്ദേശം ചെയ്യുന്ന മൂന്ന് പേർ".

ഖണ്ഡം 7

(1) 7-ാം ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കാൻ തീരുമാനിച്ചു:

"(ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം ചേർക്കുക;"

(2) 7-ാം ഖണ്ഡത്തിലെ നിലവിലുള്ള (ii)-ാം ഉപഖണ്ഡം (iii) എന്ന് പുനരക്കം ചെയ്യുക.

(3) പുനരക്കം ചെയ്ത (iii)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (5)-ാം ഉപവകുപ്പിൽ "സംരക്ഷണ ഭിത്തിയിൽ നിന്നോ ഒരു കിലോമീറ്റർ ദൂരത്തിനുള്ളിലും" എന്ന വാക്കുകൾക്കുപകരം

"അവയുടെ സംരക്ഷണഭിത്തിയിൽ നിന്നോ" എന്ന വാക്കുകളും "പ്രവർത്തന വേദിയിൽ നിന്നും 500 മീറ്റർ ദൂരത്തിനുള്ളിലും" എന്ന വാക്കുകൾക്കുപകരം "പ്രവർത്തന വേദിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

ഖണ്ഡം 9

ഖണ്ഡം 9-നു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കാൻ തീരുമാനിച്ചു:

"9. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനും വേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യുന്ന, റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) (1)-ാം ഉപവകുപ്പ് പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്"."

റിപ്പോർട്ടിന്മേൽ സർവ്വശ്രീ സി. കെ. സദാശിവൻ, എ. പ്രദീപ്കുമാർ, ബാബു എം. പാലിശ്ശേരി, വി. എസ്. സുനിൽ കുമാർ എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 1.30-ന് സമാപിച്ചു.